# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## തൈക്കാട്ടുശേരി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ-എ.എൽ.പി-പി.6/956/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 24/02/2022
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തൈക്കാട്ടുശേരി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : തൈക്കാട്ടുശേരി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തൈക്കാട്ടുശേരി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ-എ.എൽ.പി-പി.6/956/2021 തീയ്യതി: 24/02/2022

## ആലപ്പുഴ ജില്ലയിലെ തൈക്കാട്ടുശേരി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ തൈക്കാട്ടുശേരി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-01-2020 മുതൽ 30-09-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 23 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 17 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| രാജീവ്.ആർ | ഡെപ്യൂട്ടി ഡയറക്ടർ | 04-10-2021 | 26-10-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 04-10-2021 | 26-10-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. സുരേഷ് .എസ് , ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീമതി. ശ്രീദേവി .പി, ഓഡിറ്റ് ഓഫീസർ
ശ്രീ. രാജീവ് .ആർ , സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി . രഞ്ജു പ്രകാശ് , സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ശാന്തമ്മ പ്രകാശ് | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ. പി.ആർ .സജി | സെക്രട്ടറി | 01-04-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. പി.ആർ .സജി | സെക്രട്ടറി | 01-04-2019 | 31-03-2020 |
| ഡോ.അശ്വതി .എം | മെഡിക്കൽ ഓഫീസർ ,ആയുർവേദം | 01-04-2019 | 31-03-2020 |
| ശ്രീ.സുരേഷ് ജോർജ്ജ് | അസി.സെക്രട്ടറി | 01-04-2019 | 31-03-2020 |
| ഡോ.ജാൻസി സേതുനാഥ് | മെഡിക്കൽ ഓഫീസർ ,സി. എച്ച്.സി | 01-04-2019 | 19-11-2019 |
| ഡോ.ദിലീപ് | മെഡിക്കൽ ഓഫീസർ ,സി. എച്ച്.സി | 20-11-2019 | 31-03-2020 |
| ശ്രീമതി സജിത .എസ് | വി. ഇ.ഒ | 01-04-2019 | 22-09-2019 |
| ശ്രീ. സാംസൺ | വി. ഇ.ഒ | 23-09-2019 | 31-03-2020 |
| ശ്രീമതി . ഇന്ദുലേഖ | ഐ. സി . ഡി.എസ് സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ശ്രീമതി . ഇന്ദു . കെ പോൾ | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ഡോ.ബാലഗോപാലൻ | വെറ്ററിനറി സർജ്ജൻ | 01-04-2019 | 31-03-2020 |
| ശ്രീമതി. പ്രവീണ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീമതി. ഉഷ ബി നായർ | ഹെഡ്മിസ്ട്രസ് | 01-04-2019 | 31-03-2020 |
| ശ്രീമതി. നിഷ. എം.ബി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 28-07-2019 |
| നിജിന കെ പൊന്നപ്പൻ | അസിസ്റ്റന്റ് എഞ്ചിനീയർ | 29-07-2019 | 20-12-2019 |
| സിനി.എസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 21-12-2019 | 31-03-2020 |

.

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Renju Prakash (Senior Grade Auditor, On 25-10-2021)<br>Last Updated By: Rajeev R (Deputy Director, On 01-02-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: Renju Prakash (Senior Grade Auditor, On 25-10-2021)<br>Last Updated By: Rajeev R (Deputy Director, On 04-02-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: Renju Prakash (Senior Grade Auditor, On 25-10-2021)<br>Last Updated By: Rajeev R (Deputy Director, On 31-01-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം(എ.സി.ആർ പ്രകാരം)<br>Written By: Renju Prakash (Senior Grade Auditor, On 25-10-2021)<br>Last Updated By: Rajeev R (Deputy Director, On 01-02-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Renju Prakash (Senior Grade Auditor, On 25-10-2021)<br>Last Updated By: Rajeev R (Deputy Director, On 31-01-2022) | 1-5 |
| 6 | ക്ഷേമ പദ്ധതികൾ<br>Written By: Renju Prakash (Senior Grade Auditor, On 25-10-2021)<br>Last Updated By: Rajeev R (Deputy Director, On 01-02-2022) | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: Renju Prakash (Senior Grade Auditor, On 25-10-2021)<br>Last Updated By: Rajeev R (Deputy Director, On 01-02-2022) | 1-7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ<br>Written By: Renju Prakash (Senior Grade Auditor, On 25-10-2021)<br>Last Updated By: Renju Prakash (Senior Grade Auditor, On 26-10-2021) | 1-8 |
| 9 | ആഭ്യന്തര ഭരണ നിയന്ത്രണം<br>Written By: Renju Prakash (Senior Grade Auditor, On 25-10-2021)<br>Last Updated By: Rajeev R (Deputy Director, On 04-02-2022) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Renju Prakash (Senior Grade Auditor, On 25-10-2021)<br>Last Updated By: Rajeev R (Deputy Director, On 01-02-2022) | 1-10 |
| 11 | രസീത് പരിശോധന - അപാകത<br>Written By: Renju Prakash (Senior Grade Auditor, On 26-10-2021)<br>Last Updated By: Rajeev R (Deputy Director, On 01-02-2022) | 1-11 |
| 12 | വസ്തു നികുതി - അപാകതകൾ<br>Written By: Renju Prakash (Senior Grade Auditor, On 26-10-2021)<br>Last Updated By: Rajeev R (Deputy Director, On 04-02-2022) | 1-12 |
| 13 | ലൈസൻസ് - അപാകതകൾ<br>Written By: Renju Prakash (Senior Grade Auditor, On 26-10-2021)<br>Last Updated By: Rajeev R (Deputy Director, On 01-02-2022) | 1-13 |
| 14 | തൊഴിൽ നികുതി - അപാകതകൾ<br>Written By: Renju Prakash (Senior Grade Auditor, On 26-10-2021)<br>Last Updated By: Rajeev R (Deputy Director, On 01-02-2022) | 1-14 |
| 15 | വാടക കുടിശിക<br>Written By: Renju Prakash (Senior Grade Auditor, On 26-10-2021)<br>Last Updated By: Rajeev R (Deputy Director, On 01-02-2022) | 1-15 |
| 16 | മുൻകൂർ ക്രമീകരിച്ചിട്ടില്ല<br>Written By: Rajeev.R (Senior Grade Auditor, On 25-10-2021)<br>Last Updated By: Rajeev R (Deputy Director, On 01-02-2022) | 1-16 |
| 17 | മരുന്ന് പൂർണ്ണമായും ലഭിച്ചിട്ടില്ല<br>Written By: Renju Prakash (Senior Grade Auditor, On 26-10-2021)<br>Last Updated By: Rajeev R (Deputy Director, On 01-02-2022) | 1-17 |

| | | |
|---|---|---|
| 18 | തെരുവുവിളക്കുകൾ സ്ഥാപിക്കലും റിപ്പയറിംഗും - പദ്ധതി നടത്തിപ്പിൽ സുതാര്യതയില്ല<br>Written By: P. Sreedevi (Audit Officer, On 27-10-2021)<br>Last Updated By: Rajeev R (Deputy Director, On 04-02-2022) | 1-18 |
| 19 | വാട്ടർ ടാങ്ക് -ശ്മശാനം റോഡിൽ സ്ട്രീറ്റ് ലൈൻ ( വാർഡ് 9)-രേഖകളുടെ അഭാവത്തിൽ തുക തടസ്സപ്പെടുത്തുന്നു<br>Written By: P. Sreedevi (Audit Officer, On 27-10-2021)<br>Last Updated By: Rajeev R (Deputy Director, On 01-02-2022) | 1-19 |
| 20 | ആശ്രയ പദ്ധതി-അപാകതകൾ<br>Written By: S.Suresh (Audit Officer (HG), On 26-10-2021)<br>Last Updated By: Rajeev R (Deputy Director, On 01-02-2022) | 1-20 |
| 21 | നിയമാനുസൃത നികുതികൾ സ്രോതസിൽ നിന്നും ഈടാക്കിയില്ല -നഷ്ടം 149941/-<br>Written By: S.Suresh (Audit Officer (HG), On 27-10-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 17-02-2022) | 1-21 |
| 22 | സാധനങ്ങൾ സപ്ലൈ ചെയ്യു കരാറുകാർക്ക് എസ്റ്റിമേറ്റിൽ പലവക (Sundries)യിനത്തിൽ വകയിരുത്തിയ തുകയും അനുവദിച്ചു. അധികം നൽകിയത്-- 35582/-<br>Written By: S.Suresh (Audit Officer (HG), On 27-10-2021)<br>Last Updated By: Rajeev R (Deputy Director, On 04-02-2022) | 1-22 |
| 23 | കൺസോളിഡേഷൻ നടത്തിയതിന് 10% കിഴിവ് വരുത്താതെയുള്ള അളവിന് തുക അനുവദിച്ചു<br>Written By: S.Suresh (Audit Officer (HG), On 27-10-2021)<br>Last Updated By: Rajeev R (Deputy Director, On 01-02-2022) | 1-23 |
| 24 | ആവശ്യമായ അളവിൽ ക്ലിപ്തപ്പെടുത്താതെ സ്റ്റാക്ക് ചെയ്യു അളവിന് തുക അനുവദിച്ചു<br>Written By: S.Suresh (Audit Officer (HG), On 27-10-2021)<br>Last Updated By: Rajeev R (Deputy Director, On 01-02-2022) | 1-24 |
| 25 | സ്റ്റോൺ അഗ്രിഗേറ്റിന് സ്റ്റാക്ക് ചെയ്യു അളവിന് തുക അനുവദിച്ചപ്പോൾ വോയിഡ്സിനത്തിൽ 5% മാത്രമേ കുറവു ചെയ്യുള്ളു<br>Written By: S.Suresh (Audit Officer (HG), On 27-10-2021)<br>Last Updated By: Rajeev R (Deputy Director, On 01-02-2022) | 1-25 |
| 26 | ഓഡിറ്റ് ഇംപാക്ട്<br>Written By: Rajeev.R (Senior Grade Auditor, On 25-10-2021)<br>Last Updated By: Rajeev R (Deputy Director, On 01-02-2022) | 1-26 |
| 27 | പഞ്ചായത്തു തലത്തിൽ നടത്തിയ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ<br>Written By: P. Sreedevi (Audit Officer, On 27-10-2021)<br>Last Updated By: Rajeev R (Deputy Director, On 04-02-2022) | 1-27 |
| | ഭാഗം **2** | |
| 1 | തൊഴിൽ നികുതി അർദ്ധവർഷ പത്രികയ്ക്ക് അനുസൃതമായി ഈടാക്കിയില്ല-വരുമാന നഷ്ടം<br>Written By: Renju Prakash (Senior Grade Auditor, On 26-10-2021)<br>Last Updated By: Rajeev R (Deputy Director, On 01-02-2022) | 2-1 |
| | ഭാഗം **3** | |
| 1 | നിയമാനുസൃത നികുതികൾ സ്രോതസിൽ നിന്നും ഈടാക്കിയില്ല -നഷ്ടം 149941/-<br>Written By: S.Suresh (Audit Officer (HG), On 27-10-2021)<br>Last Updated By: Rajeev R (Deputy Director, On 04-02-2022) | 3-1 |
| 2 | സാധനങ്ങൾ സപ്ലൈ ചെയ്യു കരാറുകാർക്ക് എസ്റ്റിമേറ്റിൽ പലവക | 3-2 |

| | | |
|---|---|---|
| | (Sundries)യിനത്തിൽ വകയിരുത്തിയ തുകയും അനുവദിച്ചു.അധികം നൽകിയത്-- 35582/-<br>Written By: S.Suresh (Audit Officer (HG), On 27-10-2021)<br>Last Updated By: Rajeev R (Deputy Director, On 04-02-2022) | |
| 3 | കൺസോളിഡേഷൻ നടത്തിയതിന് 10% കിഴിവ് വരുത്താതെയുള്ള അളവിന് തുക അനുവദിച്ചു<br>Written By: S.Suresh (Audit Officer (HG), On 27-10-2021)<br>Last Updated By: Rajeev R (Deputy Director, On 01-02-2022) | 3-3 |
| 4 | ആവശ്യമായ അളവിൽ ക്ലിപ്തപ്പെടുത്താതെ സ്റ്റാക്ക് ചെയ്ത അളവിന് തുക അനുവദിച്ചു<br>Written By: S.Suresh (Audit Officer (HG), On 27-10-2021)<br>Last Updated By: Rajeev R (Deputy Director, On 01-02-2022) | 3-4 |
| 5 | സ്റ്റോൺ അഗ്രിഗേറ്റിന് സ്റ്റാക്ക് ചെയ്ത അളവിന് തുക അനുവദിച്ചപ്പോൾ വോയിഡ്സിനത്തിൽ 5% മാത്രമേ കുറവു ചെയ്തുള്ളു<br>Written By: S.Suresh (Audit Officer (HG), On 27-10-2021)<br>Last Updated By: Rajeev R (Deputy Director, On 04-02-2022) | 3-5 |
| ഭാഗം **4** | | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Renju Prakash (Senior Grade Auditor, On 25-10-2021)<br>Last Updated By: Rajeev R (Deputy Director, On 04-02-2022) | 4-1 |
| 2 | ഡെപ്പോസിറ്റ് പ്രവർത്തികൾക്കായി നിക്ഷേപിച്ച തുകകളുടെ വിശദാംശം<br>Written By: Renju Prakash (Senior Grade Auditor, On 25-10-2021)<br>Last Updated By: Rajeev R (Deputy Director, On 01-02-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Renju Prakash (Senior Grade Auditor, On 25-10-2021)<br>Last Updated By: Rajeev R (Deputy Director, On 01-02-2022) | 4-3 |
| 4 | വായ്പ/വായ്പാതിരിച്ചടവ്<br>Written By: Renju Prakash (Senior Grade Auditor, On 25-10-2021)<br>Last Updated By: Rajeev R (Deputy Director, On 01-02-2022) | 4-4 |
| 5 | സ്ഥിര നിക്ഷേപം<br>Written By: Renju Prakash (Senior Grade Auditor, On 25-10-2021)<br>Last Updated By: Rajeev R (Deputy Director, On 01-02-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Renju Prakash (Senior Grade Auditor, On 25-10-2021)<br>Last Updated By: Rajeev R (Deputy Director, On 01-02-2022) | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Renju Prakash (Senior Grade Auditor, On 25-10-2021)<br>Last Updated By: Rajeev R (Deputy Director, On 01-02-2022) | 4-7 |
| 8 | ചാർജ്/സർചാർജ് നടപടികളുടെ വിവരം<br>Written By: Renju Prakash (Senior Grade Auditor, On 25-10-2021)<br>Last Updated By: Rajeev R (Deputy Director, On 01-02-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Renju Prakash (Senior Grade Auditor, On 25-10-2021)<br>Last Updated By: Rajeev R (Deputy Director, On 04-02-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Renju Prakash (Senior Grade Auditor, On 25-10-2021)<br>Last Updated By: Rajeev R (Deputy Director, On 01-02-2022) | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

2019-20 വർഷത്തെ ബജറ്റ് 26.2.2019 തീയതിയിലെ ഒന്നാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 17,44,25,340 | 16,77,36,390 |
| വാർഷിക കണക്ക് പ്രകാരം | 85177557 | 85365800 |

2019-20 വർഷത്തെ പുതുക്കിയ ബജറ്റ് 10.3.2020 തീയതിയിലെ ഒന്നാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 16,92,18,600 | 17,94,24,650 |

ബജറ്റിലെ പ്രതീക്ഷിത വരവും ചെലവും വാർഷിക കണക്ക് (ഇൻകം & എക്സ്പെന്റീച്ചർ സ്റ്റേറ്റ്മെന്റ്) പ്രകാരമുള്ള യഥാർത്ഥ വരവും ചെലവും തമ്മിൽ വലിയ അന്തരമുണ്ട്. യാഥാർത്ഥ്യ ബോധത്തോടെ ബജറ്റ് തയ്യാറാക്കാൻ ശ്രദ്ധിയ്ക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

പഞ്ചായത്തിന്റെ വാർഷിക ധനകാര്യ പത്രിക സമയബന്ധിതമായി 23.05.2021 ന് ഓഡിറ്റിന് സമർപ്പിച്ചിട്ടുണ്ട്.

പഞ്ചായത്തിന്റെ വാർഷിക ധനകാര്യപത്രികയിൽ താഴെപ്പറയുന്ന ന്യൂനതകളുണ്ട്.

1. B4- ഷെഡ്യൂൾ പ്രകാരം ജോയിന്റ് വെൻച്വർ ഇനത്തിൽ ജില്ലാ, ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ച തുകയിലെ നീക്കിയിരിപ്പ് (130000+690510+1614885+63850) 24,99,245 രൂപയാണ്. എന്നാൽ ട്രഷറി ജോയിന്റ് വെൻച്വർ അക്കൗണ്ടിലെ നീക്കിയിരിപ്പ് 41,04,179 രൂപയാണ്. ഇവ പൊരുത്തപ്പെടുന്നില്ല.
2. Property Tax ( Residential- Current) I-1 പ്രകാരം ഡിമാന്റ് 10,18,644 രൂപയും RP-43 പ്രകാരം കളക്ഷൻ 9,49,612 രൂപയും ബാലൻസ് 69,032 രൂപയുമാണ്, എന്നാൽ B-15 ഷെഡ്യൂൾ പ്രകാരം 20308 രൂപയാണ് ഡിമാന്റ്, വ്യത്യാസം 48724 രൂപ.
3. SBT Own Fund 57052920424 ൽ നിന്നും നൽകിയിട്ടുള്ള ചെക്കുകളായ 459512/12.02.2020- 1250 രൂപ, 0548564/22.02.2020- 1250 രൂപ എന്നിവ കാലാവധിക്കുള്ളിൽ മാറിയെടുക്കാത്തതിനാൽ സ്റ്റെയിൽ ചെക്കുകളായി. ഈ തുകകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടിയിട്ടുണ്ടെങ്കിലും പെനാൽട്ടീസ് എന്ന ശീർഷകത്തിലാണ് മുതൽ കൂട്ടിയിട്ടുള്ളത്. കൂടാതെ ആദ്യ ട്രാൻസാക്ഷനുമായി (Original Transaction)ഇത് ബന്ധിപ്പിച്ചിട്ടില്ല. പെനാൽട്ടീസ് എന്ന ശീർഷകത്തിൽ തെറ്റായി ചേർത്തതാണ്. ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്.

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 12023751.16 |
| വരവ് | 85177557 |
| ആകെ | 97201308.16 |
| ചെലവ് | 85365800 |
| നീക്കിയിരിപ്പ് | 11835508.16 |

## 1-4 ഫണ്ട് വിനിയോഗം(എ.സി.ആർ പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് (എ.സി.ആർ പ്രകാരം) | ആകെ | ചെലവ് (എ.സി.ആർ പ്രകാരം) | നീക്കി ബാക്കി |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 12175000 | 12175000 | 9290788 | 2884212 |
| വികസന ഫണ്ട് (എസ്.സി.പി.) | 0 | 7049588 | 7049588 | 5263000 | 1786588 |

| | | | | | |
|---|---|---|---|---|---|
| വികസന ഫണ്ട് (റ്റി.എസ്.പി) | 0 | 193000 | 193000 | 55000 | 138000 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 2930000 | 2930000 | 1374738 | 1555262 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 3475000 | 3475000 | 1578809 | 1896191 |
| 13-ാം ധനകാര്യ കമ്മീഷൻ അവാർഡ് | 0 | 9137252 | 9137252 | 3090263 | 6046989 |

## 1-5 പദ്ധതി അവലോകനം

| വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് എണ്ണം | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് എണ്ണം | നടപ്പാക്കാത്തവ എണ്ണം | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|---|
| 2019-20 | 139 | 174261748 | 71 | 56852890 | 64 | 4 | 51 |

## 1-6 ക്ഷേമ പദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | 2019-20 | |
|---|---|---|
| | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
| തൊഴിൽരഹിത വേതനം | 402120 | 193 |
| കർഷകതൊഴിലാളി പെൻഷൻ | 2677800 | 439 |
| വിധവാപെൻഷൻ | 3718800 | 579 |
| വാർദ്ധക്യകാല പെൻഷൻ | 8031900 | 1581 |
| വികലാംഗപെൻഷൻ | 1286500 | 217 |
| അവിവാഹിതരായ 50 വയസ്സിനുമുകളിൽ പ്രായമായ വനിതകൾക്കുള്ള ധനസഹായം | 354600 | 51 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 150000 | 5 |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 9242 | 1398609 | 1407851 | 1403512 | 4339 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | | 16437529 | 16437529 | 16437529 | |
| ആകെ | 9242 | 17836138 | 17845380 | 17841041 | 4339 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 12.10.2021 ന് പഞ്ചായത്ത് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1911/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോദ്ധ്യപ്പെട്ടു.

## 1-9 ആഭ്യന്തര ഭരണ നിയന്ത്രണം

ഗ്രാമപഞ്ചായത്തുകളിൽ സുതാര്യവും ജനകീയവും വികസനപരവുമായ പ്രവർത്തനം സാധ്യമാക്കുവാൻ ആഭ്യന്തര നിയന്ത്രണവും ഭരണ നിർവ്വഹണവും കാര്യക്ഷമമാക്കുന്നതിനായി 02.7.2009 ലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 123/09 നമ്പർ ഉത്തരവ് പ്രകാരം നിലവിൽ വന്ന ഫ്രണ്ട് ഓഫീസ് സംവിധാനം പ്രവർത്തിക്കുന്നു. ഗ്രാമ പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്. താഴെപ്പറയുന്നവ കൂടി പരിഗണിച്ച് അഭ്യന്തര നിയന്ത്രണം സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1. വാങ്ങലുകൾക്കായി അംഗീകൃത വെണ്ടർ ലിസ്റ്റ് തയ്യാറാക്കപ്പെടുന്നില്ല.
2. ഭരണ സമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.
3. കാലഹരണപ്പെട്ടതും പ്രവർത്തന രഹിതവുമായ ആസ്തികൾക്ക് പ്രത്യേക രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആസ്തികൾ കയ്യൊഴിയുന്നതുമായി ബന്ധപ്പെട്ട വിവരങ്ങളൊന്നും തന്നെ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല. തന്മൂലം പഞ്ചായത്തിലെ ആസ്തികളുടെ കൃത്യമായ കണക്ക് വിവരം ലഭ്യമാകുന്നില്ല.
4. വിവിധ നികുതിയിനങ്ങളുടെ ഡിമാന്റ് രജിസ്റ്ററുകൾ കൃത്യമായി എഴുതി വർഷാവസാനം സംക്ഷിപ്ത വിവരം രേഖപ്പെടുത്തി ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.
5. വാടക സംബന്ധിച്ച രജിസ്റ്ററിൽ വാടക ഈടാക്കിയ രസീത് നമ്പർ ഉൾപ്പെടെയുള്ള വിവരങ്ങൾ രേഖപ്പെടുത്തുകയോ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തുകയോ ചെയ്യുന്നില്ല.
6. മാന്യവൽ രസീതുകളിലും സാംഖ്യ രസീതുകളിലും ക്യാൻസൽ ചെയ്യുന്ന രസീതുകളിൽ കൃത്യമായ കാരണം രേഖപ്പടുത്തി സെക്രട്ടറിയോ ചുമതലപ്പെട്ട ഉദ്യോഗസ്ഥരോ സാക്ഷ്യപ്പെടുത്തുന്നില്ല.
7. തെരുവുവിളക്കുകളുടെ പരിപാലനം സംബന്ധിച്ച് തദ്ദേശസ്വയംഭരണവകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകൾ പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാ ണ്.
8. ഗ്രാമപഞ്ചായത്തിലെ വിവിധ വർക്കിംഗ് ഗ്രൂപ്പുകളുടെ മിനിട്ട്സുകൾ പരിശോധിച്ചതിൽ അവയുടെ പ്രവർത്തനം ബന്ധപ്പെട്ട മേഖല അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളും സാധ്യതകളും കണ്ടെത്തി പ്രശ്നപരിഹാരനിർദേശങ്ങൾ രൂപീകരിക്കുക എന്ന പ്രാഥമിക ചുമതലയിൽ ഒതുക്കിയിരിക്കുന്നതായി കാണുന്നു. വർക്കിംഗ് ഗ്രൂപ്പുകൾ പദ്ധതി രൂപീകരണത്തിനുള്ള നിർദേശങ്ങൾ ലഭ്യമാക്കിയതിനുശേഷം മേൽ പദ്ധതികളുടെ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കേണ്ടതുണ്ട് .
9. തൊഴിലുറപ്പ് പദ്ധതിയിൽപ്പെടുത്തി ചെയ്യുന്ന മെറ്റീരിയൽ പ്രവൃത്തികൾക്ക് ആവശ്യമായ സാധനങ്ങൾ സപ്ളൈ ചെയ്യുമ്പോൾ അവ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്യാൻ ശ്രദ്ധിക്കേണ്ടതാണ് .

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ സത്വര ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 20-09-2021 | 08/2021 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 11-12-2006 മുതൽ 20-12-2006 വരെ | 2005-06 | 24-03-2007 |

## 1-11 രസീത് പരിശോധന - അപാകത

ശ്രീമതി.നിത്യ പി ചന്ദ്രൻ, ക്ലാർക്ക് എന്നയാൾക്ക് ഇഷ്യൂ ചെയ്ത രസീത് ബുക്കുകൾ, കളക്ഷൻ രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന തുകകൾ പഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയിരുന്നില്ല.

| ക്രമ നം. | രസീത് ബുക്ക് നം. | രസീത് നം., തീയതി | തുക |
|---|---|---|---|
| 1 | 52056 | 84/03.03.2020 | 305 |
| 2 | 5645 | 85/17.03.21 | 549 |
| 3 | 5645 | 93/19.03.21 | 566 |

വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം നല്കിയപ്പോൾ ക്രമ നം. 1 പ്രകാരമുള്ള തുക കളക്ഷൻ രജിസ്റ്ററിൽ രേഖപ്പെടുത്താതെ ഒടുക്കിയെന്നും ക്രമ നം. 2, 3 എന്നിവ പ്രകാരമുള്ള തുകകൾ ക്യാൻസൽ ചെയ്തവ ആണെന്നും ഡ്യൂപ്ലിക്കേറ്റ് ഇതോടൊപ്പം സൂക്ഷിയ്ക്കാൻ വിട്ടുപോയതാണെന്നും അറിയിച്ചു.

മാന്യവൽ രസീതുകളിലും സാംഖ്യ രസീതുകളിലും ക്യാൻസൽ ചെയ്തവയിൽ കൃത്യമായ കാരണം രേഖപ്പെടുത്തി സെക്രട്ടറിയോ ചുമതലപ്പെട്ട ഉദ്യോഗസ്ഥരോ സാക്ഷ്യപ്പെടുത്തുന്നില്ല. അപാകത ആവർത്തിയ്ക്കാതിരിക്കാൻ ശ്രദ്ധിയ്ക്കേണ്ടതാണ്.

## 1-12 വസ്തു നികുതി - അപാകതകൾ

വസ്തു നികുതി പരിശോധനയിൽ കണ്ട അപാകതകൾ താഴെ കൊടുക്കുന്നു.

എ)വിവാഹ ചടങ്ങുകൾ നടത്തപ്പെടുന്ന ഹാളുകൾക്ക് അർഹമായ നികുതി നിർണ്ണയിച്ചിട്ടില്ല

വിവാഹ രജിസ്ട്രേഷന് അപേക്ഷകളിൽ രേഖപ്പെടുത്തിയിരിക്കുന്ന പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന കെ.പി.എം.എസ് 16-20 ശാഖാ മന്ദിരം ഹാൾ, എ.കെ.ഡി.എസ് ഓഡിറ്റോറിയം എന്നിവ സഞ്ചയ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തി നികുതി നിർണ്ണയിച്ചതായി കാണുന്നില്ല. ഇത് ചൂണ്ടിക്കാണിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 12/11.10.2021) ലഭ്യമാക്കിയ മറുപടിയിൽ ടി ഹാളുകൾക്ക് നികുതി നിർണയിച്ച് ഓഡിറ്റിൽ അറിയിക്കുന്നതാണെന്ന് മറുപടി നൽകി. നികുതി നിർണയിച്ച് ഫാറം 6 ലഭ്യമാക്കേണ്ടതാണ്.

ബി)കെട്ടിടത്തിനെ ഒന്നിച്ച് നികുതി നിർണ്ണയം ചെയ്യാതെ ഓരോ മുറിയും പ്രത്യേകമായി നികുതി നിർണ്ണയം ചെയ്തു

പഞ്ചായത്തിന്റെ പരിധിയിൽ സ്ഥിതിചെയ്യുന്ന ഒരേ ഉടമയുടെ പേരിലുള്ള വാണിജ്യാവശ്യത്തിനുപയോഗിക്കുന്ന 100 ചതുരശ്ര മീറ്ററിന് മുകളിലുള്ള താഴെപ്പറയുന്ന കെട്ടിടത്തിലെ ഓരോ കടമുറികൾക്കും പ്രത്യേകം കെട്ടിട നമ്പർ നല്കിയിട്ടുണ്ട്. എന്നാൽ ഈ കടമുറികളുടെ വസ്തുനികുതി ഒന്നിച്ച് നിർണ്ണയിക്കുന്നതിന് പകരം ഓരോ കടമുറികൾക്കും പ്രത്യേകം നികുതി കണക്കാക്കി ഒരു ചതുരശ്ര മീറ്ററിന് 30/- രൂപ നിരക്കിൽ നിർണ്ണയിക്കുകയാണ് ചെയ്തിരിക്കുന്നത്. പഞ്ചായത്തിലെ വസ്തുനികുതി സംബന്ധിച്ച വിജ്ഞാപന പ്രകാരം, 100 ചതുരശ്ര മീറ്ററിന് മുകളിലുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തു നികുതി, ചതുരശ്ര മീറ്ററിന് 50/- രൂപ നിരക്കിൽ ഈടാക്കണം എന്നതാണ്. എന്നാൽ, ഇവിടെ ചതുരശ്ര മീറ്ററിന് 30/- രൂപ മാത്രമാണ് ഈടാക്കുന്നത്. ഇതു മൂലം ലഭിക്കേണ്ടിയിരുന്ന വരുമാനത്തിൽ കുറവ് വരുന്നു. വിശദവിവരം താഴെ പട്ടികയിൽ കൊടുക്കുന്നു. കൂടാതെ, സഞ്ചയ പ്രകാരമുള്ള ഫാറം 6 പരിശോധിച്ചതിൽ, പട്ടികയിലെ ക്രമ നം. 1 ആയി രേഖപ്പെടുത്തിയിരിക്കുന്ന കെട്ടിത്തിൽ (ശ്രീ.അരുൺ ആന്റണി, ഓടനാട് തൈക്കാട്ടുശ്ശേരി എന്നയാളുടെ ഉടമസ്ഥതയിലുള്ള കെട്ടിടം) കെട്ടിട നം. 274 D, 274 E എന്നീ മുറികൾക്ക് ഒഴികെ മറ്റ് മുറികൾക്ക് വഴി സൌകര്യത്തിന് 20% വർദ്ധനവ് നല്കുകയുണ്ടായി. കെട്ടിട നം. 274 D, 274 E എന്നീ കടമുറികളുടെ നിർണയത്തിൽ നിരക്ക് വർദ്ധനവ് നല്കിയിട്ടില്ല.

| ക്രമ നം | കെട്ടിട ഉടമയുടെ പേര് | വാർഡ് നം/ കെട്ടിട നം. | കെട്ടിടത്തിന്റെ വിസ്തീർണ്ണം (ച.മീ) |
|---|---|---|---|
| 1 | അരുൺ ആന്റണി, ഓടനാട് തൈക്കാട്ടുശ്ശേരി | III/ 274A,B,C,D,E,F,G,H | 146 |
| 2 | ജോൺ, തിരുനിലത്ത് വെളി, തൈക്കാട്ടുശ്ശേരി | IX/A,B,C,D,E,F,G,H | 295.79 |
| 3 | കുര്യാക്കോസ്, കരിയ്ക്കാത്തറ, മണപ്പുറം | V/242 A,B,C,D,E | 148.18 |

വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റന്വേഷണത്തിന് (നം. 12/11.10.2021) നൽകിയ മറുപടിയിൽ ഓഡിറ്റ് അന്വേഷണം ലഭിച്ചതിന് ശേഷം കെട്ടിടങ്ങളുടെ നികുതി നിരക്ക് സഞ്ചയയിൽ മാറ്റം വരുത്തി ഫാറം 6 ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ, ടി കെട്ടിടങ്ങളുടെ അസസ്മെന്റ് തീയതി മുതൽ കുറവ് വന്ന നികുതി ഈടാക്കി വിവരം അറിയിയ്ക്കേണ്ടതാണ്. സഞ്ചയ പ്രകാരമുള്ള ഫാറം 6 പരിശോധിച്ചതിൽ, പട്ടികയിലെ ക്രമ നം. 1 ആയി രേഖപ്പെടുത്തിയിരിക്കുന്ന കെട്ടിത്തിൽ (ശ്രീ.അരുൺ ആന്റണി, ഓടനാട് തൈക്കാട്ടുശ്ശേരി എന്നയാളുടെ ഉടമസ്ഥതയിലുള്ള കെട്ടിടം) കെട്ടിട നം. 274 D, 274 E എന്നീ കട മുറികളുടെ വസ്തു നികുതി നിർണയത്തിലെ അപാകത പരിഹരിച്ചിട്ടില്ല. ആയതിനാൽ അപാകതകൾ പൂർണ്ണമായും പരിഹരിച്ച് തുക ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

സി).ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിക്കാതെ നികുതി ഒഴിവാക്കി

സ.ഉ.(എംഎസ്) നം. 358/15 പ്രകാരമുള്ള ഇളവ് ഒരു കുടുംബത്തിലെ കുടുംബനാഥ/കുടുംബനാഥന്റെ പേരിലുള്ള 60 ച.മീറ്ററിൽ താഴെയുള്ള ഒരു വാസഗൃഹത്തിനു മാത്രമായി പരിമിതപ്പെടുത്തിയിട്ടുണ്ട്. എന്നാൽ, ഒരു വ്യക്തിയുടെ ഉടമസ്ഥതയിലുള്ള ഒന്നിലധികം കെട്ടിടങ്ങളെ നികുതി, ഉപ നികുതി എന്നിവ ഒഴിവാക്കപ്പെട്ട കെട്ടിടങ്ങൾ എന്ന ഗണത്തിൽ ഉൾപ്പെടുത്തി നികുതി ഒഴിവാക്കി നല്കിയതായി കാണുന്നു. ഉദാഹരണം ചുവടെ ചേർക്കുന്നു.

| കെട്ടിടയുടമയുടെ പേര്, മേൽവിലാസം | കെട്ടിട നം. |
|---|---|
| ത്രേസ്യാമ്മ ആന്റണി, വാരായം പറമ്പിൽ മണപ്പുറം | VIII/21 |

| | |
|---|---|
| " | VIII/20 |
| സതീശൻ പിള്ള, ഔട്ടുമ്മേൾ, മണപ്പുറം | III/218 |
| " | III/218A |

വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റന്വേഷണത്തിന് (നം.12/11.10.2021) നൽകിയ മറുപടിയിൽ, ഒരെണ്ണം വിറകുപുര/മോട്ടോർ ഷെഡ് എന്ന് കാരണം രേഖപ്പെടുത്തി ഫാറം 6 ലഭ്യമാക്കിയിട്ടുണ്ട്. ഓഡിറ്റിൽ ചൂണ്ടിക്കാണിക്കുമ്പോൾ മാത്രം കാരണം രേഖപ്പെടുത്തുന്നതിന് പകരം നിർണയിക്കുന്ന സമയത്ത് തന്നെ ഉപയോഗക്രമം രേഖപ്പെടുത്തി ഒഴിവാക്കുവാൻ ശ്രദ്ധിയ്ക്കേണ്ടതാണ്.

ഡി) വസ്തു നികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ സഞ്ചയ – വാർഷിക കണക്കുകൾ പൊരുത്തപ്പെടുന്നില്ല

വാർഷിക കണക്ക് പ്രകാരമുള്ള വസ്തു നികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ സഞ്ചയ സോഫ്റ്റ്‌വെയറിൽ നിന്നുള്ള സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വസ്തു നികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവയുമായി പൊരുത്തപ്പെടുന്നില്ല. സഞ്ചയ സോഫ്റ്റ്‌വെയറിൽ നിന്നുള്ള സ്റ്റേറ്റ്മെന്റിൽ Book Adjustments എന്ന ശീർഷകത്തിൽ റെസിഡൻഷ്യൽ കെട്ടിടങ്ങളുടെ വസ്തു നികുതിയിനത്തിൽ 48725 രൂപയും നോൺ റെസിഡൻഷ്യൽ കെട്ടിടങ്ങളുടെ വസ്തു നികുതിയിനത്തിൽ 62939 രൂപയും തൻവർഷത്തെ വരവായി ഉൾപ്പെടുത്തിയിട്ടുണ്ട്. Book Adjustments പ്രകാരം വരവായി ഉൾപ്പെടുത്തിയ മേൽ തുക ഏതൊക്കെ കെട്ടിടങ്ങളുടെ വസ്തു നികുതിയാണെന്നത് സംബന്ധിച്ച വിശദവിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റന്വേഷണത്തിന് (നം.12/11.10.2021) മറുപടി ലഭ്യമാക്കിയിട്ടില്ല. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-13 ലൈസൻസ് - അപാകതകൾ

എ) ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് സംബന്ധിച്ച്

പഞ്ചായത്തിന്റെ ഫാക്ടറികൾക്കും വ്യവസായങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് അനുവദിക്കൽ (FTEAO) ചട്ടങ്ങൾ പ്രകാരമുള്ള രജിസ്റ്റർ പരിശോധിച്ചതിൽ 2019-20 വർഷം താഴെ കൊടുത്തിട്ടുള്ള കെട്ടിടങ്ങൾ ലൈസൻസ് എടുത്തിട്ടില്ലെന്ന് കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ ഉടമയുടെ പേര് | സ്ഥാപനത്തിന്റെ തരം |
|---|---|---|
| 1 | കുഞ്ഞുമോൻ ചോളന്തറ, വാർഡ് - 11 | ബേക്കറി |
| 2 | ടോമി, മംഗലശ്ശേരി വാർഡ് - 7 | കയർ നിർമ്മാണം |
| 3 | റൈഗൽ ജോസഫ്, കുട്ടം പ്പുറം വാർഡ് -11 | ബാർബർ ഷോപ്പ് |
| 4 | ജോമിൻ.കെ.ജെ, കളത്തിൽ വാർഡ് - 15 | സോഡ നിർമ്മാണം |
| 5 | മിലന്തി പുരുഷോത്തമൻ, മിലന്തി ഭവനം വാർഡ് -7 | തടി നിർമ്മാണം |
| 6 | ഉഷാകുമാരി, തെക്കേ ഇടയോഴത്ത് വാർഡ് -4 | പച്ചക്കറി വ്യാപാരം |
| 7 | മറിയാമ്മ പോൾ, പതിയാം മൂല വാർഡ് - 9 | കോഴി ഫാം |

വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം -14/തീയതി 11.10.2021) മറുപടി

ലഭിച്ചിട്ടില്ല. തുക ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

ബി) റേഷൻ കടകൾ, ഷാപ്പുകൾ തുടങ്ങിയവയ്ക്ക് ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല.

പഞ്ചായത്ത് പരിധിയിൽ വരുന്ന റേഷൻ കടകൾ, ഷാപ്പുകൾ തുടങ്ങിയവയിൽ നിന്നും 2019-20 വർഷം ലൈസൻസ് ഫീസ് ഈടാക്കിയതായി കാണുന്നില്ല. 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 232, 233, 234, 254 വകുപ്പുകൾക്ക് അനുബന്ധമായി പുറപ്പെടുവിച്ചിട്ടുള്ള ലൈസൻസ് ചട്ടങ്ങളിൽ ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങളുടെ പട്ടികയിൽ (പട്ടിക 1 ക്രമനം 149) പ്രകാരം ഭക്ഷ്യ-പൊതു വിതരണ വകുപ്പിന്റെ ഭാഗമായ റേഷൻ റീട്ടെയിൽ ഡിപ്പോകളെയും ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ തൻവർഷ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്ത് പരിധിയിലെ റേഷൻകടകൾ ലൈസൻസ് ഇല്ലാതെയാണ് പ്രവർത്തിക്കുന്നത് എന്ന് ബോധ്യപ്പെട്ടു. റേഷൻ കടകളെ നിലവിലുള്ള ചട്ടങ്ങൾ പ്രകാരം ലൈസൻസ് ഫീസ് ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കാൻ കഴിയുകയില്ലായെന്ന് 22.01.19-ലെ (സി.എസ്.) എ9-764/2019 നമ്പർ കത്ത് പ്രകാരം സിവിൽ സപ്ലൈസ് ഡയറക്ടർ സ്പഷ്ടീകരണം പുറപ്പെടുവിച്ചിട്ടുണ്ട്. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ റേഷൻകടകളേയും ട്രേഡ്സ് ലിസ്റ്റിൽ ഉൾപ്പെടുത്തി ലൈസൻസ് ഫീസ് ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. ഈ വിഷയം പഞ്ചായത്ത് അധികാരികളുടെ ശ്രദ്ധയിൽപെടുത്തുന്നു (എൻക്വയറി നം -14/തീയതി 11.10.2021).

വിശദമായ പരിശോധന നടത്തി ലൈസൻസില്ലാതെ വാണിജ്യ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ലെന്ന് ഉറപ്പുവരുത്തുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ഭരണസമിതിയുടെയും അടിയന്തിര ഇടപെടൽ ഉണ്ടാകേണ്ടതാണ്.

## 1-14 തൊഴിൽ നികുതി - അപാകതകൾ

2019-20 വർഷത്തെ തൊഴിൽനികുതി ഒടുക്കുന്നതിനായി സ്ഥാപനത്തലവൻ സമർപ്പിച്ച അർദ്ധവാർഷിക വരുമാന പത്രികകൾ, ഡിമാന്റ് രജിസ്റ്റർ, ട്രേഡേഴ്സ് ലിസ്റ്റ് എന്നിവ പരിശോധിച്ചതിൽ, കണ്ട അപാകതകൾ താഴെ കൊടുക്കുന്നു.

1. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന രാജഗിരി സെന്റ് ചാവറ സി.എം.ഐ. പബ്ലിക് സ്കൂൾ, മണപ്പുറം എന്ന സ്ഥാപനത്തിൽ ഒന്നാം അർദ്ധവർഷ പത്രികയിൽ രേഖപ്പെടുത്തിയിരിക്കുന്ന വരുമാനത്തിനനുസൃതമായി തൊഴിൽ നികുതി ഈടാക്കിയില്ല. വിശദവിവരം പട്ടികയിൽ കൊടുക്കുന്നു.

| ക്രമ നം. | ജീവനക്കാരന്റെ പേര്, തസ്തിക | പത്രികയിൽ രേഖപ്പെടുത്തിയിരിക്കുന്ന അർദ്ധ വർഷ വരുമാനം (H R A കുറവ് ചെയ്ത തുക) | ഈടാക്കേണ്ട തൊഴിൽ നികുതി | ഈടാക്കിയ തുക | കുറവ് |
|---|---|---|---|---|---|
| 1 | സഖി ദേവസ്യ, ടീച്ചർ | 63000 | 600 | 300 | 300 |
| 2 | ടീന ജോസഫ്, ടീച്ചർ | 61800 | 600 | 300 | 300 |
| 3 | രഞ്ജിനി.എൻ.വി, ടീച്ചർ | 79200 | 750 | 450 | 300 |
| 4 | ലിജി.വികെ, ടീച്ചർ | 58800 | 450 | 300 | 150 |
| 5 | ലോയിഡ് ആൻഡ്രൂസ്, ടീച്ചർ | 101400 | 1000 | 750 | 250 |
| 6 | രേഖ ചന്ദ്രൻ, ടീച്ചർ | 58800 | 450 | 300 | 150 |
| 7 | പ്രിയ.എ.സി, ടീച്ചർ | 76800 | 750 | 450 | 300 |
| 8 | മേഘ.എം, എ ടീച്ചർ | 61800 | 600 | 300 | 300 |
| 9 | സുള്ളി ജോർജ്ജ്, ടീച്ചർ | 58800 | 450 | 300 | 150 |
| 10 | കൃഷ്ണേന്ദു, ടീച്ചർ | 57000 | 450 | 300 | 150 |
| 11 | റ്റീന വർഗ്ഗീസ്, ടീച്ചർ | 57000 | 450 | 300 | 150 |
| 12 | രേഖ.പി.ഡി, ടീച്ചർ | 61800 | 600 | 300 | 300 |
| 13 | രശ്മി പോൾ, ടീച്ചർ | 57000 | 450 | 300 | 150 |
| 14 | ശ്രീജ.എം.എസ്, ടീച്ചർ | 75000 | 750 | 450 | 300 |

| | | | | | |
|---|---|---|---|---|---|
| 15 | വിനീത.പി.വി, ടീച്ചർ | 61800 | 600 | 300 | 300 |
| 16 | അപർണ്ണ നന്ദൻ, ടീച്ചർ | 57000 | 450 | 300 | 150 |
| 17 | അഞ്ജു ജോസഫ്, ടീച്ചർ | 57000 | 450 | 300 | 150 |
| 18 | ദിവ്യ.ജി, ടീച്ചർ | 57000 | 450 | 300 | 150 |
| 19 | ഇന്ദു.ആർ, ടീച്ചർ | 57000 | 450 | 300 | 150 |
| 20 | കലാദേവി.പി.ആർ, ടീച്ചർ | 57000 | 450 | 300 | 150 |
| 21 | ലിജി ജോസഫ്, ടീച്ചർ | 57000 | 450 | 300 | 150 |
| 22 | മീര ആന്റണി, ടീച്ചർ | 57000 | 450 | 300 | 150 |
| 23 | റീത്താമ്മ പൌലോസ്, ടീച്ചർ | 57000 | 450 | 300 | 150 |
| 24 | ഷീജ.എസ്.നായർ, ടീച്ചർ | 57000 | 450 | 300 | 150 |
| 25 | സ്റ്റെഫി ജോസഫ്, ടീച്ചർ | 60000 | 600 | 300 | 150 |
| 26 | ബിജി മോൾ.റ്റി.ജെ, ഓഫീസ് സ്റ്റാഫ് | 57000 | 450 | 300 | 150 |
| 27 | ജിജി ജോസ്, ഓഫീസ് സ്റ്റാഫ് | 54000 | 450 | 300 | 150 |
| 28 | ആന്റണി കെ.ഒ, ഓഫീസ് സ്റ്റാഫ് | 79200 | 750 | 300 | 450 |
| 29 | ജോസഫ്.എ.ജെ ഓഫീസ് സ്റ്റാഫ് | 60000 | 600 | 300 | 300 |
| 30 | ലിജാസ്, ഓഫീസ് സ്റ്റാഫ് | 75000 | 750 | 300 | 450 |
| 31 | സിബി.യു, ഓഫീസ് സ്റ്റാഫ് | 63000 | 600 | 300 | 300 |
| 32 | റെസി റോജി, ഓഫീസ് സ്റ്റാഫ് | 46200 | 450 | 180 | 270 |
| 33 | നിഷ റാഫെൽ, ഹൌസ് കീപ്പിംഗ് | 46200 | 450 | 180 | 270 |
| 34 | സിനി ബേബി, ഹൌസ് കീപ്പിംഗ് | 43200 | 300 | 180 | 120 |
| 35 | സെൽബി, ഹൌസ് കീപ്പിംഗ് | 43200 | 300 | 180 | 120 |
| 36 | ലിജി മാർട്ടിൻ, ഹൌസ് കീപ്പിംഗ് | 43200 | 300 | 180 | 120 |
| 37 | സൂസി ബെന്നി, ഹൌസ് കീപ്പിംഗ് | 43200 | 300 | 180 | 120 |
| 38 | റിനി ഷാജി, ഹൌസ് കീപ്പിംഗ് | 39000 | 300 | 180 | 120 |
| 39 | മിലി ഫെർണ്ണാണ്ടസ്, എച്ച്.എം, KG | 150000 | 1250 | 750 | 500 |

| | | | | | |
|---|---|---|---|---|---|
| 40 | നിസി ജോസഫ്, ടീച്ചർ-KG | 75000 | 750 | 300 | 450 |
| 41 | ശ്രുതി.എം.ജി, ടീച്ചർ-KG | 69000 | 600 | 300 | 300 |
| 42 | ജാൻസി.എം, ടീച്ചർ-KG | 69000 | 600 | 300 | 300 |
| 43 | ജെസി ചാക്കോ ടീച്ചർ-KG | 69000 | 600 | 300 | 300 |
| 44 | ആഷ്ലി എബ്രഹാം, ടീച്ചർ-KG | 69000 | 600 | 300 | 300 |
| 45 | മേരി ലിൻഡ.കെ.റ്റി ടീച്ചർ-KG | 69000 | 600 | 300 | 300 |
| 46 | സന്ധ്യമോൾ.എ, ടീച്ചർ-KG | 69000 | 600 | 300 | 300 |
| 47 | നീന സെബാസ്റ്റ്യൻ ടീച്ചർ-KG | 79500 | 750 | 300 | 300 |
| 48 | റോസ് ആൻ വർഗീസ്, ടീച്ചർ-KG | 60000 | 600 | 300 | 300 |
| 49 | ജയ മോൾ.എസ്, ടീച്ചർ-KG | 60000 | 600 | 300 | 300 |
| 50 | ഗിൽബി ഹോംസ്, ടീച്ചർ-KG | 72000 | 600 | 300 | 300 |
| 51 | ആൻസി ചെറിയാൻ, ടീച്ചർ-KG | 60000 | 600 | 300 | 300 |
| 52 | നെൽസി, ഓഫീസ് സ്റ്റാഫ്- KG | 72600 | 600 | 300 | 300 |
| 53 | വർഗ്ഗീസ് തോമസ്, ഓഫീസ് സ്റ്റാഫ്-KG | 66000 | 600 | 300 | 300 |
| 54 | ജെസി ജോസഫ്, ഹൌസ് കീപ്പിംഗ്-KG | 46200 | 450 | 180 | 270 |
| 55 | സജിത.പി, ഹൌസ് കീപ്പിംഗ്-KG | 46200 | 450 | 180 | 270 |
| 56 | എൽസമ്മ ഷാജി, ഹൌസ് കീപ്പിംഗ്-KG | 43200 | 300 | 180 | 120 |
| 57 | മേരി ഡെൻസി, ഹൌസ് കീപ്പിംഗ്-KG | 43200 | 300 | 180 | 120 |
| 58 | സ്റ്റെല്ല, ഹൌസ് കീപ്പിംഗ്-KG | 40200 | 300 | 180 | 120 |
| ആകെ | | | | | 13740 |

വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (19/25.10.21) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ, നഷ്ടത്തുകയായ 13740 രൂപ തിരികെ ഈടാക്കേണ്ടതാണ്.

2. ഒന്നാം അർദ്ധവർഷം തൊഴിൽ നികുതി ഒടുക്കിയ താഴെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാർ രണ്ടാം അർദ്ധ വർഷം തൊഴിൽ നികുതി ഒടുക്കിയിട്ടില്ല.

| സ്ഥാപനം | ഒന്നാം അർദ്ധ വർഷം ഒടുക്കിയ തുക |
|---|---|

| | |
|---|---|
| ഗവൺമെന്റ് എച്ച്.എസ്.എസ്, തേവർവട്ടം | 28250 |
| ഫെഡറൽ ബാങ്ക്, തൈക്കാട്ടുശ്ശേരി | 9800 |

വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (19/25.10.21) മറുപടി ലഭ്യമാക്കിയിട്ടില്ല. തുക ഈടാക്കി രസീതിന്റെ പകർപ്പ് ലഭ്യമാക്കേണ്ടതാണ്. അല്ലാത്തപക്ഷം, ചാർജ്ജ് നടപടികൾക്ക് ശുപാർശ ചെയ്യുന്നതാണ്.

3. താഴെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങൾ സ്ഥാപന നികുതി ഈടാക്കിയിട്ടില്ല.

| സ്ഥാപനം | ഈടാക്കാത്ത അർദ്ധ വർഷം | തുക |
|---|---|---|
| ഫെഡറൽ ബാങ്ക് | 1,2 | 2500 |
| സർവ്വീസ് കോപ്പറേറ്റീവ് ബാങ്ക് നം. 326 | 2 | 1250 |

വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (19/25.10.21) മറുപടി ലഭ്യമാക്കിയിട്ടില്ല. തുക ഈടാക്കി രസീതിന്റെ പകർപ്പ് ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്. അല്ലാത്തപക്ഷം, ചാർജ്ജ് നടപടികൾക്ക് ശുപാർശ ചെയ്യുന്നതാണ്.

## 1-15 വാടക കുടിശിക

വാടക രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന കടമുറികളിൽ നിന്നും 2019-20 വർഷത്തെ വാടക ഈടാക്കിയതായി കാണുന്നില്ല. വിശദവിവരം താഴെ കൊടുക്കുന്നു.

| വാടകക്കാരന്റെ പേര് | കടമുറി നം. | അടവാക്കുവാനുള്ള മാസം | പ്രതിമാസ വാടക | കുടിശിക |
|---|---|---|---|---|
| ജോസഫ്, കേളംപറമ്പിൽ | 15/469 | 02/2020, 03/2020 | 1075 | 2150 |
| ദിനേശൻ, ആര്യന്തറ | 6/140 | 03/2020 | 1074 | 1074 |
| വാസുദേവൻ | 15/467 | 03/2020 | 1268 | 1268 |
| ആകെ | | | | 4492 |

വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.17/25.10.21) മറുപടി ലഭിച്ചിട്ടില്ല. കുടിശിക തുക ഈടാക്കി വിവരം രേഖകൾ സഹിതം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-16 മുൻകൂർ ക്രമീകരിച്ചിട്ടില്ല

ഹരിത കർമ്മസേനയ്ക്ക് ദിവസവേതനമായി തനത് ഫണ്ടിൽ നിന്നും വൗച്ചർ നം. 21900399/14.08.19, ചെക്ക് നം.128569/14.08.19 പ്രകാരം 195120 രൂപ മുൻകൂർ നൽകിയിട്ടുണ്ട്. ഈ തുക തനത് ഫണ്ടിലേക്ക് ലഭിക്കാനുള്ള തുകയായി വാർഷിക ധനകാര്യ പത്രികയിൽ ചേർത്തിട്ടുണ്ടെങ്കിലും തനത് ഫണ്ടിലേക്ക് ഇതു വരെ തിരികെ ഈടാക്കിയിട്ടില്ല. ഈ തുക തിരികെ ഈടാക്കി അറിയിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 20/25.10.21-ന് മറുപടി ലഭ്യമാക്കിയില്ല.

## 1-17 മരുന്ന് പൂർണ്ണമായും ലഭിച്ചിട്ടില്ല

സാന്ത്വന പരിചരണം (പ്രോജക്റ്റ് നം. - 33/2019-20)

അടങ്കൽ - 8 ലക്ഷം

ചെലവ് - 8 ലക്ഷം

എ) മെഡിക്കൽ ഓഫീസർ, സി.എച്ച്.സി നിർവഹണം നടത്തിയ സാന്ത്വന പരിചരണം എന്ന പ്രോജക്റ്റിനായി ബിൽ

നം. 03/19-20, തീയതി - 08.11.19 (തുക-2,83,207/-*) പ്രകാരം ആയുർവേദ മരുന്നുകൾ ലഭ്യമാക്കുന്നതിനായി 1 ലക്ഷം രൂപ ഔഷധിയ്ക്ക് നല്കിയിരുന്നു. ആയതിൽ 6809/-* രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടില്ല.

ബി) ബിൽ നം. 06/19-20, തീയതി-16.03.20 (തുക-70603/-*) പ്രകാരം മരുന്നുകൾ ലഭ്യമാക്കുന്നതിനായി 38153/-* രൂപ *KMCL ന് നല്കിയിരുന്നു. എന്നാൽ,* മരുന്നുകൾ ലഭ്യമായിട്ടില്ല. വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.15/25.10.21) മരുന്നുകൾ ലഭ്യമാകുവാൻ ആവശ്യമായ നടപടികൾ സ്വീകരിച്ച് വരുന്നതായി അറിയിച്ചിട്ടുണ്ട്.

ആയതിനാൽ, 44962/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മരുന്നുകൾ ലഭ്യമായതിന്റെ രേഖകൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-18 തെരുവുവിളക്കുകൾ സ്ഥാപിക്കലും റിപ്പയറിംഗും - പദ്ധതി നടത്തിപ്പിൽ സുതാര്യതയില്ല

ഓഡിറ്റ് എൻക്വയറി-10

| | |
|---|---|
| പ്രോജക്ടിന്റെ പേര് | തെരുവുവിളക്ക സ്ഥാപിക്കലും റിപ്പയറിംഗും. |
| പ്രോജക്ട് നമ്പർ. | S0003/20. |
| അടങ്കൽ | (700000 (CFC),<br>200000 തനതുഫണ്ട്.) |
| ചെലവ്<br>ബിൽനം/തീയതി. | തുക |
| 15/19-20/9.01.20 | 357295 .(സി.എഫ്.സി.) |
| 37/19-20/31.03.20 | 43315(സി.എഫ്.സി.) |
| ചെക്ക് നം.4806179/5.11.19. | 50100 |
| ചെക്ക് നം. 638634/17.02.20. | 148720 |
| ആകെ | 599430. |
| നിർവ്വഹണം | സെക്രട്ടറി. |

പ്രോജക്ട് നം. S0003/20 പ്രകാരം പഞ്ചായത്തിലെ വിവിധ വാർഡുകളിൽ 832 എൽ.ഇ.ഡി ലൈറ്റുകൾ (260 രൂപ നിരക്കിൽ), 224 മറ്റു തെരുവുവിളക്കുകൾ എന്നിവ അറ്റകുറ്റപ്പണി നടത്തി പുന:സ്ഥാപിച്ചതിന് കരാറുകാരനായ അജിത്, കൊല്ലംപറമ്പിൽ, മുഹമ്മ പി.ഒ എന്ന വ്യക്തിക്ക് കൂലിയിനത്തിൽ 198820 രൂപ നൽകിയിട്ടുണ്ട്. മേൽ പ്രോജക്ടിൽ കാണപ്പെട്ട അപാകതകൾ താഴെ കൊടുക്കുന്നു.

പഞ്ചായത്തിലെ വിവിധ വാർഡുകളിൽ റിപ്പയർ ചെയ്യേണ്ട തെരുവുവിളക്കുകളുടെ വിവരങ്ങൾ എപ്രകാരം ശേഖരിച്ചു എന്നു വ്യക്തമല്ല.

പഞ്ചായത്ത് ഡയറക്ടറുടെ ജി2/44274/2015/17.08.15 നമ്പർ ഉത്തരവു പ്രകാരമുള്ള താഴെ പറയുന്ന നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.

തെരുവുവിളക്കുകൾ പ്രവർത്തനരഹിതമായതു സംബന്ധിച്ച പരാതികൾ സ്വീകരിക്കുവാൻ ഒരു നോഡൽ ഓഫീസറെ ചുമതലപ്പെടുത്തിയതായി കാണുന്നില്ല. നോഡൽ ഓഫീസർ ഒരു പരാതി രജിസ്റ്റർ സൂക്ഷിക്കേണ്ടതും ആയത് മെയിന്റനൻസ് ടീമിനു നൽകേണ്ടതുമാണ്.

കരാറുകാരൻ ബന്ധപ്പെട്ട ഇലക്ട്രിക്കൽ സെക്ഷനിലെ അസി.എൻജിനീയറുടെ അംഗീകാരത്തോടെയാണോ തെരുവുവിളക്കുകൾ അറ്റകുറ്റപ്പണി നടത്തിയതെന്ന് വ്യക്തമല്ല.

മാറ്റി സ്ഥാപിക്കുകയോ റിപ്പയർ ചെയ്യുകയോ ചെയ്ത ഉപകരണങ്ങൾ പ്രവർത്തനക്ഷമമാണോ എന്നു ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണോ തുക നൽകിയത് എന്ന് രേഖപ്പെടുത്തിയിട്ടില്ല

തെരുവുവിളക്കുകൾ പ്രവർത്തനരഹിതമായതു സംബന്ധിച്ച പരാതി രജിസ്റ്റർ, മെയിന്റനൻസ് രജിസ്റ്റർ, എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ആയതിനാൽ മെയിന്റനൻസ് രജിസ്റ്ററിൽ കരാറുകാരൻ അറ്റകുറ്റപ്പണി സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തുന്നുണ്ടോ എന്നും ഉണ്ടെങ്കിൽ ആയതിന്റെ കൃത്യത സെക്രട്ടറി പരിശോധിച്ച് ഉറപ്പു വരുത്തിയിട്ടുണ്ടോ എന്നും മനസ്സിലാക്കാൻ സാധിച്ചിട്ടില്ല. അറ്റകുറ്റപ്പണിയുടെ ഭാഗമായി മാറ്റിയ പ്രവർത്തനക്ഷമമല്ലാത്ത ഉപകരണങ്ങൾ തിരികെ കൊണ്ടുവന്ന് രജിസ്റ്റർ ഓഫ് അൺസർവ്വീസബിൾ ഐറ്റംസ് എന്ന രജിസ്റ്ററിൽ ചേർത്തിട്ടില്ല.

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 12.03.13ലെ 65529/DC3/12 നമ്പർ ഉത്തരവു പ്രകാരം എല്ലാ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളും മീറ്ററിംഗ് സംവിധാനത്തോടുകൂടിയ ഓട്ടോമാറ്റിക് തെരുവുവിളക്കുകൾ

സ്ഥാപിക്കേണ്ടതാണെന്ന വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ പഞ്ചായത്തിൽ തെരുവുവിളക്കുകൾക്ക് മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടില്ല.

പദ്ധതി നടത്തിപ്പ സംബന്ധിച്ച മോണിട്ടറിംഗ് നടത്തേണ്ട വികസന സ്റ്റാൻഡിംഗ് കമ്മിറ്റിയോ വർക്കിംഗ് ഗ്രൂപ്പോ ആയത് നിർവ്വഹിച്ചിട്ടില്ല. പ്രസ്തുത പ്രവൃത്തി സംബന്ധിച്ച് കരാറുകാരൻ ഹാജരാക്കിയ ലിസ്റ്റിൽ പോസ്റ്റുകളുടെ നമ്പർ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും പ്രവൃത്തി നടന്ന തീയതികൾ രേഖപ്പെടുത്തിയിട്ടില്ല. ബന്ധപ്പെട്ട വാർഡ് അംഗങ്ങളുടെ പേരോ സ്ഥാനപ്പേരോ ചേർക്കാതെ ഇനിഷ്യലുകൾ മാത്രം രേഖപ്പെടുത്തിയിരിക്കുന്നു. പദ്ധതിയുടെ മോണിട്ടറിംഗ് റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല.

തെരുവുവിളക്കുകളുടെ പരിപാലനം സംബന്ധിച്ച് തദ്ദേശ സ്വയംഭരണ വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകൾ പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. പദ്ധതി നടത്തിപ്പിൽ സുതാര്യത ഉറപ്പ വരുത്തുവാനും പ്രവൃത്തികൾ കുറ്റമറ്റ രീതിയിൽ നടപ്പിലാക്കുന്നുണ്ടോ എന്ന തുടർ പരിശോധന നടത്തുവാനും ശ്രദ്ധിക്കേണ്ടതാണ്.

മേൽ അപാകതകൾക്ക് വിശദീകരണം ആരാഞ്ഞുകൊണ്ട് നൽകിയ 10/12.10.21 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-19 വാട്ടർ ടാങ്ക് -ശ്മശാനം റോഡിൽ സ്ട്രീറ്റ് ലൈൻ ( വാർഡ് 9)-രേഖകളുടെ അഭാവത്തിൽ തുക തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ടിന്റെ പേര് | വാട്ടർ ടാങ്ക് -ശ്മശാനം റോഡിൽ സ്ട്രീറ്റ് ലൈൻ ( വാർഡ് 9) |
| പ്രോജക്ട് നം. | S00 58/20.(ഡെപ്പോസിറ്റ് വർക്ക്) |
| അടങ്കൽ | 100000(സി.എഫ്.സി.) |
| ചെലവ്. | 100000(സി.എഫ്.സി.) |
| ബിൽ.നം /തീയതി<br>1). 21/19-20/30.01.20<br>2) 22/19-20/30.01.20 | തുക<br>76(പഞ്ചായത്തിൽ റീക്കപ്പ് ചെയ്തു.)<br>99924.<br>ആകെ-100000 |
| നിർവ്വഹണോദ്യോഗസ്ഥൻ. | സെക്രട്ടറി. |

പദ്ധതി നടത്തിപ്പിനായി എസ്റ്റിമേറ്റ് പ്രകാരമുള്ള 99924 രൂപ കെ.എസ്.ഇ.ബി. പൂച്ചാക്കൽ സെക്ഷന്റെ 57026414342 എന്ന അക്കൗണ്ടിലേയ്ക്ക് നൽകിയിട്ടുണ്ട്. കെ.എസ്.ഇ.ബിയിൽ നിന്നും നം.ഡി.ബി/ഇല.ഡിവിഷൻ/ചേർത്തല/19-20 /സ്ട്രീറ്റ് ലൈൻ/കൈപ്പറ്റ് രസീത്/422/31.01/20 പ്രകാരമുള്ള കൈപ്പറ്റ് രസീത് ലഭ്യമാക്കിയിട്ടുണ്ട്.

പദ്ധതിപ്രകാരമുള്ള പ്രവൃത്തി പൂർത്തീകരിച്ച രേഖകൾ, കെ.എസ്.ഇ.ബിയിൽ നിന്നും ലഭ്യമാക്കിയ, തുകയുടെ വിനിയോഗസാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ആയതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.7/10.10.21) വിനിയോഗസാക്ഷ്യപത്രം നല്കുന്നതിന് കെ.എസ്.ഇ.ബി ക്ക് കത്തു നൽകിയിട്ടുണ്ട് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പ്രവൃത്തിയുടെ കംപ്ലീഷൻ സർട്ടിഫിക്കറ്റ്, തുകയുടെ വിനിയോഗസാക്ഷ്യപത്രം, സ്ട്രീറ്റ് ലൈനുകളുടെ എനർജൈസേഷൻ സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കുന്നതു വരെ പ്രസ്തുത പദ്ധതിക്കായി നടത്തിയ 99924 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-20 ആശ്രയ പദ്ധതി-അപാകതകൾ

അഗതി - ആശ്രയ പദ്ധതിക്കായി (പദ്ധതി നം. 9/20) നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് സെക്രട്ടറി ഓഡിറ്റ് വർഷം 2 ലക്ഷം രൂപ ബിൽ നമ്പർ 7/19-20/20.10.19 പ്രകാരം പിൻവലിച്ച് കുടുംബശ്രീ സി.ഡി.എസ്സിന്റെ എസ്.ബി.ഐ അക്കൗണ്ടിൽ (നം. 67057578295) നിക്ഷേപിച്ചിട്ടുണ്ട്. ചെലവുതുകയുടെ വിശദാംശങ്ങൾ നൽകുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.22/25.10.21) നൽകിയ മറുപടി, ഹാജരാക്കിയ പാസ്സ് ബുക്ക് എന്നിവ പ്രകാരം ടി തുകയിൽ നിന്നും ശ്രീമതി. ത്രേസ്യ തൈമാലിൽ എന്ന വ്യക്തിക്ക് ഭവന നിർമ്മാണത്തിനായി 136490 രൂപയും, ശ്രീമതി. മിനി സത്യൻ, ചാലുനികർത്ത് എന്ന വ്യക്തിക്ക് 16000 രൂപയും നൽകിയിട്ടുണ്ട്. ഓഡിറ്റ തീയതിയിൽ ആശ്രയ പദ്ധതിക്കായി പ്ലാൻ ഫണ്ടിൽ നിന്നും ലഭിച്ചിട്ടുള്ള തുകയിൽ 2019-20വർഷത്തെ നീക്കിയിരുപ്പ് തുകയായ 47510 രൂപ ഉൾപ്പടെയുള്ള തുക അക്കൗണ്ടിൽ സൂക്ഷിച്ചിട്ടുണ്ട്. വ്യക്തമായ ആസൂത്രണം ഇല്ലാതെ പദ്ധതിപ്പണം ചെലവഴിക്കുന്നതായാണ് ഇതിൽ നിന്നും മനസ്സിലാകുന്നത്. മാത്രമല്ല തുക മാറി നൽകിയതിനു ശേഷം കൃത്യമായ മോണിറ്ററിംഗുമില്ല. ആശ്രയ ഗുണഭോക്താക്കൾക്ക് അടിസ്ഥാന സൗകര്യ വികസനത്തിനായി ഈ തുക എത്രയും വേഗം ചെലവഴിച്ച് വിവരം അറിയിക്കേണ്ടതും അല്ലാത്തപക്ഷം

കൺസോളിഡേറ്റഡ് ഫണ്ടിൽ തിരിച്ചടയ്ക്കേണ്ടതുമാണ്.

### 1-21 നിയമാനുസൃത നികുതികൾ സ്രോതസിൽ നിന്നും ഈടാക്കിയില്ല -നഷ്ടം 149941/-

തൊഴിലുറപ്പ് പദ്ധതിയിൽപ്പെടുത്തി ചെയ്ത റോഡ് നിർമ്മാണ പ്രവൃത്തികൾക്ക് സാധന സാമഗ്രികൾ സപ്ളൈ ചെയ്ത കരാറുകാർക്ക് തുക അനുവദിച്ചപ്പേൾ നിയമാനുസൃതം ഈടാക്കേണ്ട ആദായ നികുതിയും, (ആദായ നികുതി നിയമം 194 C), CGST Act 2017ലെ വകുപ്പ് 51 (1), SGST Act 2017ലെ വകുപ്പ് 51(1) എന്നിവ അനുസരിച്ച് 2.50 ലക്ഷത്തിൽ അധീകരിക്കുന്ന കരാറുകാരുടെ ബില്ലുകളുടെ സ്രോതസ്സിൽ നിന്നും 2% തുക GST ഇനത്തിൽ കുറവു ചെയ്യേണ്ടതാണ്. നികുതികൾ കുറവു ചെയ്യാതെ തുക അനുവദിച്ചതിനാൽ കാരാറുകാർക്ക് 149941 രൂപ അധികം നൽകാനിടയായി. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 22/24-10-21 ന് കരാറുകാരിൽ നിന്നും തുക ഈടാക്കാനാവശ്യമായ നടപടികൾ സ്വീകിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുക ഈടാക്കിയതിന്റെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. (വിശദാംശം ഭാഗം 3ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.)

### 1-22 സാധനങ്ങൾ സപ്ലൈ ചെയ്ത കരാറുകാർക്ക് എസ്റ്റിമേറ്റിൽ പലവക (Sundries)യിനത്തിൽ വകയിരുത്തിയ തുകയും അനുവദിച്ചു. അധികം നൽകിയത്-- 35582/-

തൊഴിലുറപ്പ് പദ്ധതിയിൽപ്പെടുത്തി ചെയ്ത റോഡ്/കാന നിർമ്മാണ പ്രവൃത്തികൾക്ക് സാധന സാമഗ്രികൾക്കായിട്ടാണ് ടെണ്ടർ ക്ഷണിച്ചിരുന്നതെങ്കിലും കോൺക്രീറ്റ് മിക്സർ, വൈബ്രേറ്റർ എന്നീ ഉപകരണങ്ങളും വാടകയ്ക്ക് സപ്ളൈ ചെയ്തിരിക്കുന്നത് കരാറുകാരാണ്. സാധന വിലയും വാടകയും അനുവദിച്ചപ്പേൾ എസ്റ്റിമേറ്റിൽ പലവക (Sundries)യിനത്തിൽ വകയിരുത്തിയ തുകയും കരാറുകാർക്ക് നൽകി. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 22/24-10-21 ന് മെറ്റീരിയൽസ് നൽകുന്നതിനോടൊപ്പം ആവശ്യമായ ഉപകരണങ്ങളും കരാറുകാർ തന്നെയാണ് പ്രവൃത്തി സ്ഥലത്തേക്ക് എത്തിക്കുന്നതിനാലാണ് ടി വർക്കുകളുടെ Sundries തുക കരാറുകാരന് നൽകുന്നത് എന്നാണ് അറിയിച്ചിട്ടുള്ളത്.

എന്നാൽ സപ്ളൈ ചെയ്ത സാധനങ്ങളുടെ വിലയും വാടകയും മാത്രമാണ് കരാറുകാർക്ക് അനുവദിക്കാവുന്നത്. എസ്റ്റിമേറ്റിൽ പലവക (Sundries)യിനത്തിൽ വകയിരുത്തിയ തുക നൽകിയത് 35582/- രൂപ അധികം നൽകാനിടയാക്കി. ടി തുക കരാറുകാരിൽ നിന്നും ഈടാക്കേണ്ടതാണ്. (വിശദാംശം ഭാഗം 3 ഉൾപ്പെടുത്തിയിട്ടുണ്ട്.)

### 1-23 കൺസോളിഡേഷൻ നടത്തിയതിന് 10% കിഴിവ് വരുത്താതെയുള്ള അളവിന് തുക അനുവദിച്ചു

തൊഴിലുറപ്പ് പദ്ധതിയിൽപ്പെടുത്തി ചെയ്ത റോഡ് മെറ്റലിംഗ്/ഗ്രാവലിംഗ് പ്രവൃത്തികളിൽ സോയിൽ -ഗ്രാവൽ മിശ്രിതം സ്റ്റാക്ക് ചെയ്തതിന്റെ അളവു രേഖപ്പെടുത്താതെ ഫില്ലിംഗ് നടത്തിയതിന് ടേപ്പ് മെഷർമെന്റിൽ അളവ് രേഖപ്പെടുത്തിയിട്ടുണ്ട്. ഇതനുസരിച്ച് വരുന്ന അളവിനാണ് ഗ്രാവലിന്റെ വിലയായി കരാറുകാർക്ക് തുക അനുവദിച്ചിരിക്കുന്നത്. എന്നാൽ കൺസോളിഡേഷൻ നടത്തിയതിന് മേൽ അളവിൽ നിന്നും 10% കിഴിവ് വരുത്താതെയുള്ള അളവിനാണ് തുക അനുവദിച്ചിരിക്കുന്നത്. ഇപ്രകാരം നൽകിയതിനാൽ 57905/- രൂപ അധികം നൽകാനിടയായി. അധികം നൽകിയ തുക കരാറുകാരിൽ നിന്നും ഈടാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 22/24-10-21 ന് മറുപടി ലഭ്യമാക്കിയില്ല.(വിശദാംശം ഭാഗം 3-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.)

### 1-24 ആവശ്യമായ അളവിൽ ക്ലിപ്തപ്പെടുത്താതെ സ്റ്റാക്ക് ചെയ്ത അളവിന് തുക അനുവദിച്ചു

പൊൻപുറം കുനംഞ്ചേരി റോഡ് മെറ്റലിംഗ് പ്രവൃത്തിയിൽ മെറ്റലിംഗ് നടത്തിയിരിക്കുന്നതിന്റെ അളവ് 26.10$m^3$ ആണ്. ഇതിന് ആവശ്യമാകുന്ന 63mm - 45mm സ്റ്റോൺ അഗ്രിഗേറ്റിന്റെ അളവ് 26.10 $M^3$ ആണ്. എന്നാൽ സ്റ്റാക്ക് ചെയ്ത അളവായ 27.221 $M^3$ നാണ് (അളവു പുസ്തകം 3/19-20) സാധനങ്ങൾ സപ്ലൈ ചെയ്ത കരാറുകാരനായ ശ്രീ.അനന്തപൈക്ക് തുക അനുവദിച്ചിരിക്കുന്നത്. അതിനാൽ 1.121 $M^3$ (27.221-26.1) അളവിന് @2265/-രൂപ നിരക്കിൽ 2539/-രൂപ അധികം നൽകാനിടയായി. ടി തുക കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്.

ചെലവു വിവരം-- ബിൽ നമ്പർ 86,87/20-06-19-19രൂപ 168249/-

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 22/24-10-21 ന് മറുപടി ലഭ്യമാക്കിയില്ല.

### 1-25 സ്റ്റോൺ അഗ്രിഗേറ്റിന് സ്റ്റാക്ക് ചെയ്ത അളവിന് തുക അനുവദിച്ചപ്പോൾ വോയിഡ്സിനത്തിൽ 5% മാത്രമേ കുറവു ചെയ്തുള്ളു

ഗ്രാമപഞ്ചായത്തിൽ തൊഴിലുറപ്പ് പദ്ധതിയിൽപ്പെടുത്തി ചെയ്ത റോഡ് മെറ്റലിംഗ് പ്രവൃത്തികൾക്ക് CPWD

സ്പെസിഫിക്കേഷനിലാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. ഇത്തരം പ്രവൃത്തികളിൽ 63mm To 45mm സ്റ്റോൺ അഗ്രിഗേറ്റിന് സ്റ്റാക്ക് ചെയ്ത അളവിന് തുക അനുവദിക്കുമ്പോൾ വോയിഡ്സിനത്തിൽ 7.5% കുറവ് ചെയ്ത ശേഷമാണ് തുക അനുവദിക്കേണ്ടിയിരുന്നത്. എന്നാൽ താഴെപ്പറയുന്ന പ്രവൃത്തികളിൽ 5% കുറവ് ചെയ്ത ശേഷമാണ് തുക അനുവദിച്ചിട്ടുള്ളത്. വിശദാംശം ചുവടെ കൊടുക്കുന്നു.

| പ്രവൃത്തി | കരാറുകാരൻ | സ്റ്റാക്ക് ചെയ്ത അളവ് | അനുവദിച്ച അളവ് | അനുവദിക്കേണ്ട അളവ് (7.5% കുറവ് ചെയ്ത ശേഷം) | അധികം നൽകിയ തുക | ചെലവ് വിവരം |
|---|---|---|---|---|---|---|
| മെഴ്സി പൊൻപുറം റോഡ് മെറ്റലിംഗ് | അനന്തപൈ | 53.420m$^3$ | 50.10 M$^3$ | 53.420-4 =49.420 M$^3$ | 0.68 M$^3$ @2265 = 1540/- | ML5469/05-07-19രൂപ 195795/- |
| ചാത്തനാട്ട് കോളനി റോഡ് മെറ്റലിംഗ് | രത്നാകരൻ | 86.778m$^3$ | 81 M$^3$ | 86.778-6.5 = 80.278 M$^3$ | 0.722 M$^3$ @2265 = 1635 | 1,2,3/21-2-19 രൂപ 405384 |
| പുത്തൻവെളി പുത്തൻവേലിക്കകം റോഡ് മെറ്റലിംഗ് | രത്നാകരൻ | 84.32 M$^3$ | 79.50 M$^3$ | 84.32 – 6.32 = 78 M$^3$ | 1.5@2265 =3398 | 2,21,25/2-7-19 രൂപ 280146 |
| ആകെ | | | | | 6573 | |

അധികം നൽകിയ തുക കരാറുകാരിൽ നിന്നും ഈടാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 22/24-10-21 ന് മറുപടി ലഭ്യമാക്കിയില്ല.

## 1-26 ഓഡിറ്റ് ഇംപാക്റ്റ്

എ) വാർഷിക ധനകാര്യ പത്രിക പരിശോധനാവേളയിൽ, ഡൊണേഷൻസ് റ്റു ഫ്ലഡ് (Head- 320800299) എന്നയിനത്തിൽ 38,299/- രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് ഒടുക്കാതെ അവശേഷിച്ചിരുന്നത്, ഓഡിറ്റ് എൻക്വയറി മുഖേന ശ്രദ്ധയിൽപ്പെടുത്തിയതിനെത്തുടർന്ന് 22.10.2021ലെ ചെക്ക് നമ്പർ 250238 പ്രകാരം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് ഒടുക്കിയിട്ടുണ്ട്.
ബി) രസീത് പരിശോധന

ശ്രീമതി. നിത്യ പി ചന്ദ്രൻ എന്നയാൾക്ക് ഇഷ്യൂ ചെയ്ത രസീത് ബുക്ക് നം. 5633 ലെ രസീത് നം. 31-40/ തീയതി 18.02.21 പ്രകാരം 3927 രൂപയിൽ 2782രൂപ മാത്രമാണ് അടവാക്കിയിട്ടുള്ളത്. ഇപ്രകാരം പിരിച്ച 1145 രൂപ അടവാക്കിയിട്ടില്ല. ഓഡിറ്റ് അന്വേഷണം നം. 13/11.10.21 പ്രകാരം അറിയിച്ചതിനെ തുടർന്ന്, കുറവ് വന്ന 1145 രൂപ രസീത് നം.121010101539/22.10.21 പ്രകാരം ഒടുക്കിയിട്ടുണ്ട്.

## 1-27 പഞ്ചായത്ത് തലത്തിൽ നടത്തിയ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ

കോവിഡ് പ്രതിരോധത്തിനായി പഞ്ചായത്ത് തലത്തിൽ കോവിഡ് ജാഗ്രതാ പോർട്ടലിൽ 63 പേർ രജിസ്റ്റർ ചെയ്തിരുന്നു. അവരിൽ 27 പേർക്ക് കില മുഖാന്തിരം പരിശീലനം നൽകി വോളന്റിയർമാരായി നിയമിച്ചു.

ഗ്രാമപഞ്ചായത്ത് കാര്യാലയം കേന്ദ്രീകരിച്ച് കോവിഡ് പ്രതിരോധപ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ഹെൽപ്പ് ഡെസ്ക് രൂപീകരിച്ചിരുന്നു. ഗ്രാമപഞ്ചായത്ത് പരിധിയിലെ അദ്ധ്യാപകർ, വിവിധ സർക്കാർ വകുപ്പുകളിലെ ജീവനക്കാർ, അംഗൻവാടി ജീവനക്കാർ, സന്നദ്ധപ്രവർത്തകർ, എന്നിവർ ഹെൽപ്പ് ഡെസ്ക് പ്രവർത്തനങ്ങൾക്കായി നിയോഗിക്കപ്പെട്ടു. തനതുഫണ്ട്, സർക്കാരിന്റെ ദുരിതാശ്വാസനിധിയിൽ നിന്നും അനുവദിച്ച തുക, പ്ലാൻ ഫണ്ട് എന്നിവയിൽ നിന്നും ആവശ്യമായ ഫണ്ട് ചെലവഴിച്ചു.

ദുരന്തനിവാരണ അതോറിട്ടിയിൽ നിന്നും ലഭിച്ച 3 ലക്ഷം രൂപയും കോവിഡ് പ്രവർത്തനങ്ങൾക്കായി ചെലവഴിച്ചു.

സി.എഫ്.എൽ.ടി.സി പ്രവർത്തനസജ്ജമാക്കിയിരുന്നെങ്കിലും പ്രവർത്തനം ആരംഭിക്കേണ്ട സാഹചര്യം വന്നില്ല.

പഞ്ചായത്ത് തലത്തിൽ കമ്മ്യൂണിറ്റി കിച്ചൺ ആരംഭിച്ച് രോഗികൾക്കും ക്വാറന്റൈനിലുള്ളവർക്കും സൗജന്യമായി ഭക്ഷണം നൽകി. തുടർന്ന് ജനകീയ അടുക്കള വഴി മിതമായ നിരക്കിൽ ഭക്ഷണം നൽകി. സുഭിക്ഷ കേരളം പദ്ധതി പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി ഏറ്റെടുത്തു.

പഞ്ചായത്തിൽ ആകെ 2770 പേർ കോവിഡ് പോസിറ്റീവ് ആയിരുന്നു. 2725പേർക്ക് രോഗം ഭേദമായി. 34പേർ

മരണപ്പെട്ടു.

പഞ്ചായത്തിലെ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ തൃപ്തികരമായി നടപ്പിലാക്കിയിട്ടുണ്ട്.

നാളിതുവരെ പഞ്ചായത്ത് പരിധിയിൽ വാക്സിനേഷൻ ലഭിച്ചവരുടെ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| പ്രായം | ജനസംഖ്യ. | ഒന്നാം ഡോസ് ലഭിച്ചവർ. | രണ്ടാം ഡോസ് ലഭിച്ചവർ. | വാക്സിനേഷൻ ലഭിക്കാത്തവർ |
|---|---|---|---|---|
| 18-44 | 7384 | 7384 | 2090 | 0 |
| 45-59. | 4866 | 4661 | 2018 | 205 |
| 60 നു മുകളിൽ. | 4368 | 4358 | 2786 | 10 |
| ആകെ | 16618 | 16403 | 6894 | 215. |

അവലംബം.- ഓഡിറ്റ് എൻക്വയറി. നം 8/20.10.21 ന് ലഭ്യമാക്കിയ മറുപടി.

## ഭാഗം -2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 തൊഴിൽ നികുതി അർദ്ധവർഷ പത്രികയ്ക്ക് അനുസൃതമായി ഈടാക്കിയില്ല- വരുമാന നഷ്ടം

2019-20 വർഷത്തെ തൊഴിൽനികുതി ഒടുക്കുന്നതിനായി സ്ഥാപനത്തലവൻ സമർപ്പിച്ച അർദ്ധവാർഷിക വരുമാന പത്രികകൾ, ഡിമാന്റ് രജിസ്റ്റർ, ട്രേഡേഴ്സ് ലിസ്റ്റ് എന്നിവ പരിശോധിച്ചതിൽ, കണ്ട അപാകതകൾ താഴെ കൊടുക്കുന്നു.

1. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന രാജഗിരി സെന്റ് ചാവറ സി.എം.ഐ പബ്ലിക് സ്കൂൾ, മണപ്പുറം എന്ന സ്ഥാപനത്തിൽ അർദ്ധവർഷ പത്രികയിൽ രേഖപ്പെടുത്തിയിരിക്കുന്ന വരുമാനത്തിനനുസൃതമായി തൊഴിൽ നികുതി ഈടാക്കിയില്ല. വിശദവിവരം പട്ടികയിൽ കൊടുക്കുന്നു.

| ക്രമ നം. | ജീവനക്കാരന്റെ പേര്, തസ്തിക | പത്രികയിൽ രേഖപ്പെടുത്തിയിരിക്കുന്ന അർദ്ധ വർഷ വരുമാനം (H R A കുറവ് ചെയ്ത തുക) | ഈടാക്കേണ്ട തൊഴിൽ നികുതി | ഈടാക്കിയ തുക | കുറവ് |
|---|---|---|---|---|---|
| 1 | സഖി ദേവസ്യ, ടീച്ചർ | 63000 | 600 | 300 | 300 |
| 2 | ടീന ജോസഫ്, ടീച്ചർ | 61800 | 600 | 300 | 300 |
| 3 | രഞ്ജിനി.എൻ.വി, ടീച്ചർ | 79200 | 750 | 450 | 300 |
| 4 | ലിജി.വികെ, ടീച്ചർ | 58800 | 450 | 300 | 150 |
| 5 | ലോയിഡ് ആൻഡ്രൂസ്, ടീച്ചർ | 101400 | 1000 | 750 | 250 |
| 6 | രേഖ ചന്ദ്രൻ, ടീച്ചർ | 58800 | 450 | 300 | 150 |
| 7 | പ്രിയ.എ.സി, ടീച്ചർ | 76800 | 750 | 450 | 300 |
| 8 | മേഘ.എം, എ ടീച്ചർ | 61800 | 600 | 300 | 300 |
| 9 | സുള്ളി ജോർജ്ജ്, ടീച്ചർ | 58800 | 450 | 300 | 150 |
| 10 | കൃഷ്ണേന്ദു, ടീച്ചർ | 57000 | 450 | 300 | 150 |
| 11 | റ്റീന വർഗ്ഗീസ്, ടീച്ചർ | 57000 | 450 | 300 | 150 |
| 12 | രേഖ.പി.ഡി, ടീച്ചർ | 61800 | 600 | 300 | 300 |
| 13 | രശ്മി പോൾ, ടീച്ചർ | 57000 | 450 | 300 | 150 |
| 14 | ശ്രീജ.എം.എസ്, ടീച്ചർ | 75000 | 750 | 450 | 300 |

| | | | | | |
|---|---|---|---|---|---|
| 15 | വിനീത.പി.വി, ടീച്ചർ | 61800 | 600 | 300 | 300 |
| 16 | അപർണ്ണ നന്ദൻ, ടീച്ചർ | 57000 | 450 | 300 | 150 |
| 17 | അഞ്ജു ജോസഫ്,ടീച്ചർ | 57000 | 450 | 300 | 150 |
| 18 | ദിവ്യ.ജി, ടീച്ചർ | 57000 | 450 | 300 | 150 |
| 19 | ഇന്ദു.ആർ, ടീച്ചർ | 57000 | 450 | 300 | 150 |
| 20 | കലാദേവി.പി.ആർ, ടീച്ചർ | 57000 | 450 | 300 | 150 |
| 21 | ലിജി ജോസഫ്, ടീച്ചർ | 57000 | 450 | 300 | 150 |
| 22 | മീര ആന്റണി, ടീച്ചർ | 57000 | 450 | 300 | 150 |
| 23 | റീത്താമ്മ പൌലോസ്, ടീച്ചർ | 57000 | 450 | 300 | 150 |
| 24 | ഷീജ.എസ്.നായർ, ടീച്ചർ | 57000 | 450 | 300 | 150 |
| 25 | സ്റ്റെഫി ജോസഫ്, ടീച്ചർ | 60000 | 600 | 300 | 150 |
| 26 | ബിജി മോൾ.റ്റി.ജെ, ഓഫീസ് സ്റ്റാഫ് | 57000 | 450 | 300 | 150 |
| 27 | ജിജി ജോസ്, ഓഫീസ് സ്റ്റാഫ് | 54000 | 450 | 300 | 150 |
| 28 | ആന്റണി കെ.ഒ, ഓഫീസ് സ്റ്റാഫ് | 79200 | 750 | 300 | 450 |
| 29 | ജോസഫ്.എ.ജെ ഓഫീസ് സ്റ്റാഫ് | 60000 | 600 | 300 | 300 |
| 30 | ലിജാസ്, ഓഫീസ് സ്റ്റാഫ് | 75000 | 750 | 300 | 450 |
| 31 | സിബി.യു, ഓഫീസ് സ്റ്റാഫ് | 63000 | 600 | 300 | 300 |
| 32 | റെസി റോജി, ഓഫീസ് സ്റ്റാഫ് | 46200 | 450 | 180 | 270 |
| 33 | നിഷ റാഫൈൽ, ഹൌസ് കീപ്പിംഗ് | 46200 | 450 | 180 | 270 |
| 34 | സിനി ബേബി , ഹൌസ് കീപ്പിംഗ് | 43200 | 300 | 180 | 120 |
| 35 | സെൽബി, ഹൌസ് കീപ്പിംഗ് | 43200 | 300 | 180 | 120 |
| 36 | ലിജി മാർട്ടിൻ, ഹൌസ് കീപ്പിംഗ് | 43200 | 300 | 180 | 120 |
| 37 | സൂസി ബെന്നി, ഹൌസ് കീപ്പിംഗ് | 43200 | 300 | 180 | 120 |
| 38 | റിനി ഷാജി, ഹൌസ് കീപ്പിംഗ് | 39000 | 300 | 180 | 120 |
| 39 | മിലി ഫെർണ്ണാണ്ടസ്, എച്ച്.എം, KG | 150000 | 1250 | 750 | 500 |

| | | | | | |
|---|---|---|---|---|---|
| 40 | നിസി ജോസഫ്, ടീച്ചർ-KG | 75000 | 750 | 300 | 450 |
| 41 | ശ്രുതി.എം.ജി, ടീച്ചർ-KG | 69000 | 600 | 300 | 300 |
| 42 | ജാൻസി.എം, ടീച്ചർ-KG | 69000 | 600 | 300 | 300 |
| 43 | ജെയ്സി ചാക്കോ ടീച്ചർ-KG | 69000 | 600 | 300 | 300 |
| 44 | ആഷ്ലി എബ്രഹാം, ടീച്ചർ-KG | 69000 | 600 | 300 | 300 |
| 45 | മേരി ലിൻഡ.കെ.റ്റി ടീച്ചർ-KG | 69000 | 600 | 300 | 300 |
| 46 | സന്ധ്യമോൾ.എ, ടീച്ചർ-KG | 69000 | 600 | 300 | 300 |
| 47 | നീനു സെബാസ്റ്റ്യൻ ടീച്ചർ-KG | 79500 | 750 | 300 | 300 |
| 48 | റോസ് ആൻ വർഗീസ്, ടീച്ചർ-KG | 60000 | 600 | 300 | 300 |
| 49 | ജയ മോൾ.എസ്, ടീച്ചർ-KG | 60000 | 600 | 300 | 300 |
| 50 | ഗിൽബി ഹോംസ്, ടീച്ചർ-KG | 72000 | 600 | 300 | 300 |
| 51 | ആൻസി ചെറിയാൻ, ടീച്ചർ-KG | 60000 | 600 | 300 | 300 |
| 52 | നെൽസി, ഓഫീസ് സ്റ്റാഫ്- KG | 72600 | 600 | 300 | 300 |
| 53 | വർഗ്ഗീസ് തോമസ്, ഓഫീസ് സ്റ്റാഫ്-KG | 66000 | 600 | 300 | 300 |
| 54 | ജെസി ജോസഫ്, ഹൌസ് കീപ്പിംഗ്-KG | 46200 | 450 | 180 | 270 |
| 55 | സജിത.പി, ഹൌസ് കീപ്പിംഗ്-KG | 46200 | 450 | 180 | 270 |
| 56 | എൽസമ്മ ഷാജി , ഹൌസ് കീപ്പിംഗ്-KG | 43200 | 300 | 180 | 120 |
| 57 | മേരി ഡെൻസി, ഹൌസ് കീപ്പിംഗ്-KG | 43200 | 300 | 180 | 120 |
| 58 | സ്റ്റെല്ല, ഹൌസ് കീപ്പിംഗ്-KG | 40200 | 300 | 180 | 120 |
| ആകെ | | | | | 13740 |

വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ, നഷ്ടത്തുകയായ 13740 രൂപ തിരികെ ഈടാക്കേണ്ടതാണ്.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 നിയമാനുസൃത നികുതികൾ സ്രോതസിൽ നിന്നും ഈടാക്കിയില്ല -നഷ്ടം 149941/-

തൊഴിലുറപ്പുപദ്ധതിയിൽപ്പെടുത്തി ചെയ്ത റോഡ് നിർമ്മാണ പ്രവൃത്തികൾക്ക് സാധന സാമഗ്രികൾ സപ്ളൈ ചെയ്ത കരാറുകാർക്ക് തുക അനുവദിച്ചപ്പോൾ നിയമാനുസൃതം ഈടാക്കേണ്ട ആദായ നികുതിയും, (ആദായ നികുതി നിയമം 194 C), CGST Act 2017ലെ വകുപ്പ് 51 (1), SGST Act 2017ലെ വകുപ്പ് 51(1)എന്നിവ അനുസരിച്ച് 2.50 ലക്ഷത്തിൽ അധീകരിക്കുന്ന കരാറുകാരുടെ ബില്ലുകളുടെ സ്രോതസ്സിൽ നിന്നും 2% തുക GST ഇനത്തിലും കുറവു ചെയ്യേണ്ടതാണ്. എന്നാൽ താഴെപ്പറയുന്ന പ്രവൃത്തികളിൽ നിന്നും ഇവ ഈടാക്കിയില്ല. വിശദാംശം ചുവടെ കൊടുക്കുന്നു.

| ക്രമ നം | പ്രവൃത്തിയുടെ പേര് | സാധന വിലയിനത്തിൽ അനുവദിച്ച തുക | ഈടാക്കേണ്ട ആദായ നികുതി (1%) | ഈടാക്കേണ്ട GST (2%) | ചെലവു വിവരം (ബിൽ നമ്പർ) |
|---|---|---|---|---|---|
| എ | സാധനങ്ങൾ സപ്ലൈ ചെയ്ത കരാറുകാരൻ -ബിബീഷ് | | | | |
| 1 | കാന നിർമ്മാണം വാർഡ് -12 | 377911 | 3779 | 7558 | 12,13,14/20-06-19 രൂപ 377911/- |
| 2 | തകലുകുത്തും കടവ് ഭജനവെളി റോഡ് കോൺക്രീറ്റിംഗ് | 27368 | 2737 | 5474 | 30,31/08-09-19രൂപ 27368/- |
| ബി | സാധനങ്ങൾ സപ്ലൈ ചെയ്ത കരാറുകാരൻ- അനന്തപൈ | | | | |
| 3 | നികർത്തിൽ ചിറ്റേഴത്ത് റോഡ് കോൺക്രീറ്റിംഗ് | 291141 | 2911 | 5822 | 15,17,18,19/01-07-19രൂപ 291141/- |
| 4 | ചിററേഴത്ത് കലുങ്ക് വെള്ളാഴത്തു ചിറ റോഡ് കോൺക്രരീററ്റിംഗ് | 292370 | 2924 | 5848 | 25,26,27/01-07-19രൂപ 292370/- |
| 5 | മെഴ്സി പൊൻപുറം റോഡ് മെറ്റലിംഗ് | 195795 | 1958 | ---- | 5469/05-07-19രൂപ 195795/- |
| 6 | പായ്യനാം കാട് -കോടവേലിറോഡ് മെറ്റലിംഗ് | 260354 | 2604 | 5208 | 15,16/08-05-19രൂപ 260354/- |
| 7 | പൊൻപുറം കുനംചേരിറോഡ് മെറ്റലിംഗ് | 168249 | 1682 | ---- | 86,87/20-06-19-19രൂപ 168249/- |
| 8 | പൊൻപുറം കുനംചേരിറോഡ് മെറ്റലിംഗ് രണ്ടാം ഘട്ടം | 394348 | 3943 | 7886 | 30,31,32,31-03-19 രൂപ394348/- (ക്യൂ ബിൽ) |
| 9 | സലഫി നഗർ ചാലു നികർത്ത് റോഡ് മെറ്റലിംഗ് | 266448 | 2664 | 5328 | 28,29/02-07-19രൂപ 266448/- |
| സി | സാധനങ്ങൾ സപ്ലൈ ചെയ്ത കരാറുകാരൻ -ടി .ജെ. ജോബ് | | | | |
| 10 | പോളേക്കടവ് ചണ്ണിക്കടവ് റോഡ് ഫോർമേഷൻ | 431690 | 4317 | 8634 | 40,41,42,43/2-7-19 രൂപ 431690 |
| 11 | കുളങ്ങര കൃഷിഭവൻ റോഡ് ഫോർമേഷൻ | 300983 | 3010 | 6020 | ML 8697/12-04-19 രൂപ 300983 |
| 12 | കരിശ്ശു കടവ് കോൺക്രീറ്റ് | 415229 | 4152 | 8304 | 13,14,15,17,20,21/3-7-19 രൂപ 415229/- |

| | | | | | |
|---|---|---|---|---|---|
| | ഫുട്പാത്ത് | | | | |
| 13 | മണിയാത്തുക്കൽ -മംഗലശ്ശേരി റോഡ് മെറ്റലിംഗ് | 291222 | 2912 | 5824 | 50,51,53/ 2-7-19രൂപ291222 |
| 14 | കുട്ടച്ചിറ മണ്ണേഴത്ത് റോഡ് മെറ്റലിംഗ് | 372343 | 3723 | 7446 | 46,47,48/8-9-19 രൂപ 372343/- |
| ഡി | സാധനങ്ങൾ സപ്ലൈ ചെയ്ത കരാറുകാരൻ -രത്നാകരൻ | | | | |
| 15 | വല്യാറചിറ നികർത്ത് കോൺക്രീറ്റിംഗ് | 225305 | 2253 | --- | ML 8804/17-4-19രൂപ225305 |
| 16 | ആലയ്ക്കാപറമ്പ് റോഡ് മെറ്റലിംഗ് | 211532 | 2115 | ---- | 25,26/8-9-19രൂപ 211532 |
| 17 | ചാത്തനാട്ട് കോളനി റോഡ് മെറ്റലിംഗ് | 405528 | 4055 | 8110 | 1,2,3/21-2-19 രൂപ 405384<br>82/8-9-19 രൂപ 144/- |
| 18 | പുത്തൻ വെളി പുത്തൻവേലിക്കകം | 280146 | 2801 | 5602 | 12,21,25/2-7-19 രൂപ 280146 |
| ഇ | സാധനങ്ങൾ സപ്ലൈ ചെയ്ത കരാറുകാരൻ - അക്ഷയ് ലാൽ | | | | |
| 19 | കുന്നംകുളം അംഗൻവാടി റോഡ് കോൺക്രീറ്റിംഗ് | 233676 | 2337 | ---- | 56,57/7-05-19രൂപ 233676/- |
| ആകെ | | | 56877 | 93064 | |

നികുതികൾ കുറവു ചെയ്യാതെ തുക അനുവദിച്ചതിനാൽ കാരാറുകാർക്ക് 149941 (56877+93064) രൂപ അധികം നൽകാനിടയായി. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 22/24-10-21 ന് കരാറുകാരിൽ നിന്നും തുക ഈടാക്കാനാവശ്യമായ നടപടികൾ സ്വീകിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുക ഈടാക്കിയതിന്റെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-2 സാധനങ്ങൾ സപ്ലൈ ചെയ്ത കരാറുകാർക്ക് എസ്റ്റിമേറ്റിൽ പലവക (Sundries)യിനത്തിൽ വകയിരുത്തിയ തുകയും അനുവദിച്ചു.അധികം നൽകിയത്-- 35582/-

തൊഴിലുറപ്പ് പദ്ധതിയിൽപ്പെടുത്തി ചെയ്ത റോഡ്/കാന നിർമ്മാണ പ്രവൃത്തികൾക്ക് സാധന സാമഗ്രികൾക്കായിട്ടാണ് ടെണ്ടർ ക്ഷണിച്ചിരുന്നതെങ്കിലും കോൺക്രീറ്റ് മിക്സർ, വൈബ്രേറ്റർ എന്നീ ഉപകരണങ്ങളും വാടകയ്ക്ക് സപ്ളൈ ചെയ്തിരിക്കുന്നത് കരാറുകാരാണ്. സാധന വിലയും വാടകയും അനുവദിച്ചപ്പോൾ എസ്റ്റിമേറ്റിൽ പലവക (Sundries)യിനത്തിൽ വകയിരുത്തിയ തുകയും കരാറുകാർക്ക് നൽകി. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 22/24-10-21 ന് മെറ്റീരിയൽ നൽകുന്നതിനോടൊപ്പം ആവശ്യമായ ഉപകരണങ്ങളും കരാറുകാർ തന്നെയാണ് പ്രവൃത്തി സ്ഥലത്തേക്ക് എത്തിക്കുന്നതിനാലാണ് ടി വർക്കുകളുടെ Sundries തുക കരാറുകാരന് നൽകുന്നത് എന്നാണ് അറിയിച്ചിട്ടുള്ളത്.

എന്നാൽ സപ്ളൈ ചെയ്ത സാധനങ്ങളുടെ വിലയും വാടകയും മാത്രമാണ് കരാറുകാർക്ക് അനുവദിക്കാവുന്നത്. എസ്റ്റിമേറ്റിൽ പലവക (Sundries)യിനത്തിൽ വകയിരുത്തിയ തുക നൽകിയത് 35582/- രൂപ അധികം നൽകാനിടയാക്കി. വിശദാംശം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര് | Sundriesയിനത്തിൽ വകയിരുത്തിയും നൽകിയതുമായ തുക | ചെലവു വിവരം (ബിൽ നമ്പർ) |
|---|---|---|---|
| എ | സാധനങ്ങൾ സപ്ലൈ ചെയ്ത കരാറുകാരൻ -ബിബീഷ് | | |
| 1 | കാന നിർമ്മാണം വാർഡ് -12 | 14505 | 12,13,14/20-06-19 രൂപ 377911/- |

| | | | |
|---|---|---|---|
| 2 | തകലുകുത്തും കടവ് ഭജനവെളി റോഡ് കോൺക്രീറ്റിംഗ് | 1806 | 30,31/08-09-19രൂപ 27368/- |
| ബി | സാധനങ്ങൾ സപ്ലൈ ചെയ്ത കരാറുകാരൻ അനന്തപൈ | | |
| 3 | നികർത്തിൽ ചിറ്റേഴത്ത് റോഡ് കോൺക്രീറ്റിംഗ് | 1800 | 15,17,18,19/01-07-19രൂപ 291141/- |
| 4 | ചിററേഴത്ത് കലുങ്ക് വെള്ളാഴത്തു ചിറ റോഡ് കോൺക്രരീററ്റിംഗ് | 1901 | 25,26,27/01-07-19രൂപ 292370/- |
| 5 | മെഴ്സി പൊൻപുറം റോഡ് മെറ്റലിംഗ് | 2947 | ML5469/05-07-19രൂപ 195795/- |
| 6 | പൊൻപുറം ക്ലനംചേരിറോഡ് മെറ്റലിംഗ് | | 86,87/20-06-19-19രൂപ 168249/- |
| 7 | പൊൻപുറം ക്ലനംചേരിറോഡ് മെറ്റലിംഗ് രണ്ടാം ഘട്ടം | 1087 | 30,31,32,31-03-19 രൂപ394348/- (ക്യൂ ബിൽ ) |
| 8 | സലഫി നഗർ ചാലു നികർത്ത് റോഡ് മെറ്റലിംഗ് | 787 | 28,29/02-07-19രൂപ 266448/- |
| സി | സാധനങ്ങൾ സപ്ലൈ ചെയ്ത കരാറുകാരൻ -ടി .ജെ. ജോബ് | | |
| 9 | പോളേക്കടവ് ചണ്ണിക്കടവ് റോഡ് ഫോർമേഷൻ | 110 | 40,41,42,43/2-7-19 രൂപ 431690 |
| 10 | കുളങ്ങര കൃഷിഭവൻ റോഡ് ഫോർമേഷൻ | 216 | ML 8697/12-04-19 രൂപ 300983 |
| 11 | കുരിശ്ശു കടവ് കോൺക്രീറ്റ് ഫുട്പാത്ത് | 2044 | 13,14,15,17,20,21/3-7-19 രൂപ 415229/- |
| 12 | മണിയാത്തുക്കൽ -മംഗലശ്ശേരി റോഡ് മെറ്റലിംഗ് | 1161 | 50,51,53/ 2-7-19രൂപ291222 |
| 13 | കുട്ടച്ചിറ മണ്ണേഴത്ത് റോഡ് മെറ്റലിംഗ് | 1475 | 46,47,48/8-9-19 രൂപ 372343/- |
| ഡി | സാധനങ്ങൾ സപ്ലൈ ചെയ്ത കരാറുകാരൻ -രത്നാകരൻ | | |
| 14 | വല്യാറചിറ നികർത്ത് കോൺക്രീറ്റിംഗ് | 978 | ML 8804/17-4-19രൂപ225305 |
| 15 | ആലയ്ക്കാപറമ്പ് റോഡ് മെറ്റലിംഗ് | 891 | 25,26/ 8-9-19രൂപ 211532 |
| 16 | ചാത്തനാട്ട് കോളനി റോഡ് മെറ്റലിംഗ് | 1173 | 1,2,3/21-2-19 രൂപ 405384<br>82/8-9-19 രൂപ 144/- |

| | | | |
|---|---|---|---|
| 17 | പുത്തൻ വെളി പുത്തൻവേലിക്കകം റോഡ് മെറ്റലിംഗ് | 1152 | 12,21,25/2-7-19 രൂപ 280146 |
| ഇ | സാധനങ്ങൾ സപ്ലൈ ചെയ്ത കരാറുകാരൻ - അക്ഷയ് ലാൽ | | |
| 18 | കുന്നംകുളം അംഗൻവാടി റോഡ് കോൺക്രീറ്റിംഗ് | 1549 | 56,57/7-05-19രൂപ 233676/- |
| ആകെ | | 35582 | |

ടി തുക കരാറുകാരിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-3 കൺസോളിഡേഷൻ നടത്തിയതിന് 10% കിഴിവ് വരുത്താതെയുള്ള അളവിന് തുക അനുവദിച്ചു

തൊഴിലുറപ്പുപദ്ധതിയിൽപ്പെടുത്തി ചെയ്ത റോഡ് മെറ്റലിംഗ്/ഗ്രാവലിംഗ് പ്രവൃത്തികളിൽ സോയിൽ -ഗ്രാവൽ മിശ്രിതം സ്റ്റാക്ക് ചെയ്തതിന്റെ അളവു രേഖപ്പെടുത്താതെ ഫില്ലിംഗ് നടത്തിയതിന് ടേപ്പ് മെഷർമെന്റിൽ അളവ് രേഖപ്പെടുത്തിയിട്ടുണ്ട്. ഇതനുസരിച്ച് വരുന്ന അളവിനാണ് ഗ്രാവലിന്റെ വിലയായി കരാറുകാർക്ക് തുക അനുവദിച്ചിരിക്കുന്നത്. എന്നാൽ കൺസോളിഡേഷൻ നടത്തിയതിന് മേൽ അളവിൽ നിന്നും 10% കിഴിവ് വരുത്താതെയുള്ള അളവിനാണ് തുക അനുവദിച്ചിരിക്കുന്നത്. വിശദാംശം ചുവടെ കൊടുക്കുന്നു.

| ക്രമ നം | പ്രവൃത്തിയുടെ പേര് | ഫില്ലിംഗിന് രേഖപ്പെടുത്തിയ അളവ് | കുറയ്ക്കേണ്ട അളവ് (10%) | അധികം നൽകിയ തുക (@935/m$^3$) | ചെലവു വിവരം (ബിൽ നമ്പർ) |
|---|---|---|---|---|---|
| എ | സാധനങ്ങൾ സപ്ലൈ ചെയ്ത കരാറുകാരൻ- അനന്തപൈ | | | | |
| 1 | മെഴ്സി പൊൻപുറം റോഡ് മെറ്റലിംഗ് | 52.20m$^3$ ക്ലിപ്തപ്പെടുത്തി നൽകിയ അളവ്- 50.10m$^3$ | 5.2m$^3$ കുറവു ചെയ്തത്-2.1m$^3$ ബാക്കി- 3.1m$^3$ | 3.1@935 = 2899/- | 5469/05-07-19രൂപ 195795/- |
| 2 | പായ്ക്കനാം കാട് -കോടവേലിറോഡ് മെറ്റലിംഗ് | 73.65m$^3$ ക്ലിപ്തപ്പെടുത്തി നൽകിയ അളവ്- 70.20m$^3$ | 7.4 M$^3$ കുറവു ചെയ്തത്- 3.45m$^3$ ബാക്കി- 3.95m$^3$ | 3.95@935 = 3693 | 15,16/08-05-19രൂപ 260354/- |
| 3 | പൊൻപുറം കുനംചേരിറോഡ് മെറ്റലിംഗ് | 26.10m$^3$ | 2.61 M$^3$ | 2.61@935 = 2440 | 86,87/20-06-19-19രൂപ 168249/- |
| 4 | പൊൻപുറം കുനംചേരിറോഡ് മെറ്റലിംഗ് രണ്ടാം ഘട്ടം | 75m$^3$ | 7.5 M$^3$ | 7.5@935 = 7012 | 30,31,32,31-03-19 രൂപ394348/- (ക്യൂ ബിൽ ) |

| | | | | | |
|---|---|---|---|---|---|
| 5 | സലഫി നഗർ ചാലു നികർത്ത് റോഡ് മെറ്റലിംഗ് | 55.80m$^3$ക്ലിപ്തപ്പെടുത്തി നൽകിയ അളവ് -54.30 M$^3$ | 5.58m$^3$ കുറവു ചെയ്തത്-1.5m$^3$ ബാക്കി- 4.08m$^3$ | 4.08@935 = 3815 | 28,29/02-07-19രൂപ 266448/- |
| ബി | സാധനങ്ങൾ സപ്ലൈ ചെയ്ത കരാറുകാരൻ -ടി .ജെ. ജോബ് | | | | |
| 6 | മണിയാതൃക്കൽ -മംഗലശ്ശേരി റോഡ് മെറ്റലിംഗ് | 80.10 M$^3$ | 8m$^3$ | 8@935 = 7480 | 50,51,53/ 2-7-19രൂപ291222 |
| 7 | കുട്ടച്ചിററ മണ്ണേഴത്ത് റോഡ് മെറ്റലിംഗ് | 101.40m$^3$ | 10.14 M$^3$ | 10.14@935 = 9481 | 46,47,48/8-9-19 രൂപ 372343/- |
| സി | സാധനങ്ങൾ സപ്ലൈ ചെയ്ത കരാറുകാരൻ -രത്നാകരൻ | | | | |
| 8 | ആലയ്ക്കാപറമ്പ് റോഡ് മെറ്റലിംഗ് | 61.5m$^3$ | 6.15 M$^3$ | 6.15@935 = 5750 | 25,26/8-9-19രൂപ 211532 |
| 9 | ചാത്തനാട്ട് കോളനി റോഡ് മെറ്റലിംഗ് | 81m$^3$ | 8.1 M$^3$ | 8.1@935 = 7574 | 1,2,3/21-2-19 രൂപ 405384<br>82/8-9-19 രൂപ 144/- |
| 10 | പുത്തൻ വെളി പുത്തൻവേലിക്കകം | 83.01m$^3$ | 8.30 M$^3$ | 8.30@935 = 7761 | 12,21,25/2-7-19 രൂപ 280146 |
| ആകെ | | | | 57905 | |

അധികം നൽകിയ തുക കരാറുകാരിൽ നിന്നും ഈടാക്കേണ്ടതാണ്.ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 22/24-10-21 ന് മറുപടി ലഭ്യമാക്കിയില്ല.

## 3-4 ആവശ്യമായ അളവിൽ ക്ലിപ്തപ്പെടുത്താതെ സ്റ്റാക്ക് ചെയ്ത അളവിന് തുക അനുവദിച്ചു

പൊൻപുറം കുനംഞ്ചേരി റോഡ് മെറ്റലിംഗ് പ്രവൃത്തിയിൽ മെറ്റലിംഗ് നടത്തിയിരിക്കുന്നതിന്റെ അളവ് 26.10m$^3$ ആണ്. ഇതിന് ആവശ്യമാകുന്ന 63mm-45mm സ്റ്റോൺ അഗ്രിഗേറ്റിന്റെ അളവ് 26.10 M$^3$ ആണ്. എന്നാൽ സ്റ്റാക്ക് ചെയ്ത അളവായ 27.221 M$^3$ നാണ് (അളവു പുസ്തകം 3/19-20)സാധനങ്ങൾ സപ്ലൈ ചെയ്ത കരാറുകാരനായ ശ്രീ.അനന്തപൈക്ക് തുക അനുവദിച്ചിരിക്കുന്നത്. അതിനാൽ 1.121 M$^3$ (27.221-26.1) അളവിന് @2265/-രൂപ നിരക്കിൽ 2539/-രൂപ അധികം നൽകാനിടയായി. ടി തുക കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്.

ചെലവു വിവരം-- ബിൽ നമ്പർ 86,87/20-06-19-19രൂപ 168249/-

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 22/24-10-21 ന് മറുപടി ലഭ്യമാക്കിയില്ല.

## 3-5 സ്റ്റോൺ അഗ്രിഗേറ്റിന് സ്റ്റാക്ക് ചെയ്ത അളവിന് തുക അനുവദിച്ചപ്പോൾ വോയിഡ്സിനത്തിൽ 5% മാത്രമേ കുറവു ചെയ്തുള്ളൂ

ഗ്രാമപഞ്ചായത്തിൽ തൊഴിലുറപ്പുപദ്ധതിയിൽപ്പെടുത്തി ചെയ്ത റോഡ് മെറ്റലിംഗ് പ്രവൃത്തികൾക്ക് CPWD സ്പെസിഫിക്കേഷനിലാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. ഇത്തരം പ്രവൃത്തികളിൽ 63mm To 45mm സ്റ്റോൺ അഗ്രിഗേറ്റിന് സ്റ്റാക്ക് ചെയ്ത അളവിന് തുക അനുവദിക്കുമ്പോൾ വോയിഡ്സിനത്തിൽ 7.5% കുറവു ചെയ്ത ശേഷമാണ് തുക അനുവദിക്കേണ്ടിയിരുന്നത്. എന്നാൽ താഴെപ്പറയുന്ന പ്രവൃത്തികളിൽ 5% കുറവു ചെയ്ത ശേഷമാണ് തുക അനുവദിച്ചിട്ടുള്ളത്. വിശദാംശം ചുവടെ കൊടുക്കുന്നു

| പ്രവൃത്തി | കരാറുകാരൻ | സ്റ്റാക്ക് ചെയ്ത അളവ് | അനുവദിച്ച അളവ് | അനുവദിക്കേണ്ട അളവ് | അധികം നൽകിയ തുക | ചെലവു വിവരം |
|---|---|---|---|---|---|---|
| മെഴ്സി പൊൻപുറം റോഡ് | അനന്തപൈ | 53.420m$^3$ | 50.10 M$^3$ | 53.420 - 4 | 0.68 M$^3$ | ML5469/05-07-19രൂപ |

| | | | | | | |
|---|---|---|---|---|---|---|
| മെറ്റലിംഗ് | | | | =49.420 $M^3$ | @2265 = 1540/- | 195795/- |
| ചാത്തനാട്ട് കോളനി റോഡ് മെറ്റലിംഗ് | രത്നാകരൻ | $86.778m^3$ | 81 $M^3$ | 86.778 – 6.5 = 80.278 $M^3$ | 0.722 $M^3$ @2265 = 1635 | 1,2,3/21-2-19 രൂപ 405384 |
| പുത്തൻവെളി പുത്തൻവേലിക്കകം റോഡ് മെറ്റലിംഗ് | രത്നാകരൻ | 84.32 $M^3$ | 79.50 $M^3$ | 84.32 – 6.32 = 78 $M^3$ | 1.5@2265 =3398 | 2,21,25/2-7-19 രൂപ 280146 |
| ആകെ | | | | | 6573 | |

അധികം നൽകിയ തുക കരാറുകാരിൽ നിന്നും ഈടാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 22/24-10-21 ന് മറുപടി ലഭ്യമാക്കിയില്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2019-20 | 1440000 | ലൈഫ് ഭവന പദ്ധതി | 1440000 | |
| | | 313195 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 313195 | |
| | | 100000 | അംഗൻവാടികൾക്ക് പോഷകാഹാര പരിപാടി | 6440 | 93560 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 127500 | നെല്ല് കൃഷി വികസനം | 127500 | 0 |
| | | 85000 | പച്ചക്കറി കൃഷി വികനം | 85000 | 0 |
| | | 160000 | സാന്ത്വന പരിചരണം | 160000 | 0 |
| | | 1348800 | ലൈഫ് | 1236000 | 112800 |
| | | 250000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 250000 | 0 |
| | | 300000 | അംഗൻവാടികൾക്ക് പോഷകാഹാര പരിപാടി | 300000 | 0 |

### 4-2 ഡെപ്പോസിറ്റ് പ്രവർത്തികൾക്കായി നിക്ഷേപിച്ച തുകകളുടെ വിശദാംശം

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് ലൈറ്റ് എക്സ്റ്റൻഷൻ | 21901111 / 30.01.20 | 826637 | 0 | 826637 |

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

### 4-4 വായ്പ/വായ്പാതിരിച്ചടവ്

| വായ്പയുടെ പേര്/ | ഉത്തരവ് | തൻവർഷം വായ്പ | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ |
|---|---|---|---|---|---|

| ഉദ്ദേശ്യം | നമ്പർ/തിയ്യതി | | ബാക്കിയുള്ള തുക | മുതൽ | പലിശ | ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| ഇ.എം.എസ്. ഭവന പദ്ധതി | ജി.ഒ.(എം.എസ്) 747/10, ത.സ്വ.ഭ.വ. 05.03.2010 | 0 | 598761 | 598761 | 0 | 0 |
| ലൈഫ് ഭവന പദ്ധതി | ജി.ഒ.(എം.എസ്)90/2019 /തസ്വഭവ 16.7.2019 | 11580000 | 26891128 | 2560540 | 0 | 35910588 |

## 4-5 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷം | 2019-20 |
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 14094675 |
| തൻവർഷം നിക്ഷേപിച്ച തുക | 633920 |
| ആകെ | 14728595 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 14728595 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

| നിക്ഷേപത്തിന്റെ വിവരം | തുക | രശീതി നം. |
|---|---|---|
| സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, തൈക്കാട്ടുശ്ശേരി | 14728595 | 7875292042-2 |

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ

ഇല്ല.

## 4-8 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | | 85177557 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 85365800 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 13740 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 144886 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 1-14 | 13740 | | പി.ആർ.സജി, സെക്രട്ടറി |

| | | | |
|---|---|---|---|
| ആകെ | 13740 | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-17 | 44962 | ഡോ.ദിലീപ്, മെഡിക്കൽ ഓഫീസർ, CHC |
| 1-19 | 99924 | പി.ആർ സജി, സെക്രട്ടറി |
| | 144886 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക |
|---|---|
| 3-1 (1-21) | 149941 |
| 3-2 (1-22) | 35582 |
| 3-3 (1-23) | 57905 |
| 3-5 (1-25) | 6573 |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ.ദിലീപ്, മെഡിക്കൽ ഓഫീസർ, CHC | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി, തൈക്കാട്ടുശ്ശേരി | മംഗലശ്ശേരി, ഈസ്റ്റ് ഓഫ് കെൽട്രോൺ ജംഗ്ഷൻ. അരൂർ.പി.ഒ. |
| പി.ആർ.സജി, സെക്രട്ടറി | സെക്രട്ടറി, തൈക്കാട്ടുശ്ശേരി ഗ്രാമപഞ്ചായത്ത് | സിന്ധു നിവാസ്, സി.എം.സി, ചേർത്തല |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിന്റെ വിവരം |
|---|---|
| 1998-99 | ചെലവ് - എൽ.എഫ്.ജി.എ5-1832/11, തീയതി – 19.01.2012 |
| 1999-2000 | എൽ.എഫ്.ജി.എ5-1832/11, തീയതി - 19.01.2012 |
| 2001-2002 | എൽ.എഫ്.ജി.എ5-1832/11, തീയതി – 19.01.2012 |
| 2002-2003 | എൽ.എഫ്.ജി.എ5-1832/11, തീയതി – 19.01.2012 |
| 2003-2004 | എൽ.എഫ്.ജി.എ5-1832/11, തീയതി – 19.01.2012 |
| 2004-2005 | എൽ.എഫ്.ജി.എ5-1832/11, തീയതി – 19.01.2012 |
| 2005-2006 | എൽ.എഫ്.ജി.എ5-1832/11, തീയതി – 19.01.2012 |
| 2006-2007 | എൽ.എഫ്.ജി.എ5-1577/14, തീയതി – 08.05.2014 |
| 2007-2008 | എൽ.എഫ്.ജി.എ5-1577/14, തീയതി – 12.05.2014 |
| 2008-2009 | എൽ.എഫ്.ജി.എ5-1577/14, തീയതി – 08.05.2014 |
| 2009-2010 | എൽ.എഫ്.ജി.എ5-1577/14, തീയതി – 12.05.2014 |

| | |
|---|---|
| 2010-2011, 2011-2012 | എൽ.എഫ്.എ.പി9-709/13, തീയതി – 17.12.2014/14.03.2014 |
| 2012-2013 | എൽ.എഫ്.എ.പി9-20/15, തീയതി – 12.02.2015/17.03.2015 |
| 2013-2014 | എൽ.എഫ്.എ.പി9-1621/15, തീയതി – 17.12.2015/28.01.2016 |
| 2014-2015 | കെ.എസ്.എ-എൽ.പി-പി9/841/16, തീയതി – 30.07.2016/05.08.2016 |
| 2015-2016 | കെ.എസ്.എ-എൽ.പി-പി9/1563/16, തീയതി – 13.01.2017 |
| 2016-2017 | കെ.എസ്.എ-എൽ.പി-പി9/1063/17, തീയതി – 08.08.2017 |
| 2017-2018 | കെ.എസ്.എ-എൽ.പി-പി9.524/19/11.6.19 |
| 2018-19 | കെ.എസ്.എ-എ.എൽ.പി/പി8-400/2020/26.05.2020 |

ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ആലപ്പുഴ ജില്ലയിലെ തൈക്കാട്ടുശേരി ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ തൈക്കാട്ടുശേരി ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്